VOL NO: 05 I ISSUE 48
www.nerpatham.com
mail@nerpatham.com
2021 DECEMBER 04 I ₹12

# നേർപഥം

വാരിക




# ഹലാൽ: വിവാദങ്ങളും ഫലിതങ്ങളും

തൊടുന്നതെന്തും വിവാദമാക്കാനും അതുവഴി വർഗീയത വളർത്താനുമാണ് സംഘ്പരിവാറിന്റെ ശ്രമം. മതാതീതമായി മാനവർക്ക് ഉപകാരപ്പെടുന്നതാണ് ഇസ്‌ലാമിലെ ഹലാൽ സമ്പ്രദായം. എന്നാൽ ഇതിനെയും സ്പർധ വളർത്താനുള്ള ഉപകരണമാക്കിമാറ്റി അവർ!

- നാസ്തികർ ചരിത്രം വായിക്കുമോ?


- പശ്ചാതാപത്തിന്റെ പ്രസക്തി
- ബാങ്ക് പലിശ അനുവദനീയമോ?
- തീവ്രവാദ മുദ്രകുത്താൻ ഓരോരോ കാരണങ്ങൾ!

# പുറത്തിറങ്ങി...

WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 9207525244




## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0254

# നേർപഥം
വാരിക

2021 ഡിസംബർ 04
1442 റബിഉൽ ആഖിർ 29
പുസ്തകം 05 / ലക്കം 48

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Managing Editor: Nasir Balusseri
Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly









**10**
## ഹലാൽ: വിവാദങ്ങളും ഫലിതങ്ങളും
മുജീബ് ഒട്ടുമ്മൽ

**05**
**മുഖമൊഴി**
തീവ്രവാദ മുദ്രകുത്താൻ ഓരോരോ കാരണങ്ങൾ!
എഡിറ്റർ

**06**
**ലേഖനം**
നാസ്തികർ ചരിത്രം വായിക്കുമോ?
സജ്ജാദ് ബിൻ അബ്ദുറസാക്വ്

**16**
**ഹദീഥ് പാഠം**
പശ്ചാതാപത്തിന്റെ പ്രസക്തി
അബൂതൻവീൽ

**18**
**ലേഖനം**
പ്രവാചക ചര്യകളും മുസ്‌ലിംകളും
ദുൽക്കർഷാൻ അലനല്ലൂർ

**22**
**ലേഖനം**
ബാങ്ക് പലിശ
അനുവദനീയമോ?
ഡോ. ടി.കെ യൂസുഫ്

**26**
**ചരിത്രപഥം**
അഹ്സാബ് യുദ്ധം
ഹുസൈൻ സലഫി, ഷാർജ

**31**
**ക്വുർആൻ ദർശനം**
അത്ത്വൂർ
അബ്ദുറഹ്മാൻ നാസിർ അസ്സഅദ

**33**
**കവിത**
എന്റെ മതം
സുലൈമാൻ പെരുമുക്ക്

**34**
**ആരോഗ്യപഥം**
ഡയാലിസിസ്
മുസാഫിർ

ചലനങ്ങൾ

# വഖഫ് നിയമനം;
# ഭരണഘടനാപരിരക്ഷ തകർക്കരുത്: വിസ്ഡം യൂത്ത്

കോഴിക്കോട്: വഖഫ് ബോർഡ് ഉദ്യോഗ നിയമനം പിഎസ്സിക്ക് വിടുന്ന സർക്കാർ നയം മതധർമസ്ഥാപനങ്ങളിൽ അതത് വിഭാഗങ്ങളുടെ ദൈവിക നിയമങ്ങളിലൂടെ വ്യവഹാരം നടത്താൻ ഇന്ത്യൻ ഭരണഘടന നൽകുന്ന പരിരക്ഷ തകർക്കുന്നതാണെന്നും അതിൽനിന്ന് സർക്കാർ പിന്തിരിയണമെന്നും വിസ്ഡം യൂത്ത് സംസ്ഥാന സമിതി ജില്ലാ ഭാരവാഹികൾക്കായി സംഘടിപ്പിച്ച 'ലീഡ്സ്' നേതൃസംഗമം അഭിപ്രായപ്പെട്ടു.

സർക്കാർ റഗുലേഷനും നിർദേശങ്ങളും മാനിച്ചുകൊണ്ടുള്ള നിലവിലെ ബോർഡ് നിയമനരീതി നിലനിർത്തുകയാണ് വേണ്ടത്. മുസ്‌ലിം സമൂഹത്തിന്റെ പ്രശ്നങ്ങളിൽ സാമുദായിക വികാരം മാനിക്കാതെയാണ് സർക്കാർ തീരുമാനമെടുക്കുന്നതെന്നുള്ള ആരോപണം ഗൗരവമുള്ളതാണ്. മുസ്‌ലിം സമുദായത്തിന്റ പ്രശ്നങ്ങളെക്കാൾ സ്വന്തം താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന സംഘപരിവാര പ്രീണനക്കാരുടെ അഭിപ്രായങ്ങൾ മാത്രം സ്വീകരിക്കുന്ന സർക്കാർ നിലപാട് വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. മുസ്‌ലിം നിയമങ്ങൾ സംഘടനാ സങ്കുചിതത്വങ്ങൾക്കനുസരിച്ച് ഭേദഗതി ചെയ്യാൻ ശ്രമിക്കുന്ന സംഘപരിവാര താൽപര്യങ്ങൾക്ക് സർക്കാർ വഴിമരുന്നിടരുതെന്നും നേതൃസംഗമം ആവശ്യപ്പെട്ടു.

'വെറുപ്പിനെതിരെ സൗഹൃദ കേരളം' എന്ന പ്രമേയത്തിലെ സന്ദേശ പ്രചാരണ ഭാഗമായി സംഘടിപ്പിച്ച നേതൃസംഗമം കേരള തുറമുഖ വകുപ്പ് മന്ത്രി അഹ്മദ് ദേവർകോവിൽ ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് ഹാരിസ് മദനി കായക്കൊടി അധ്യക്ഷത വഹിച്ചു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി കെ.സജ്ജാദ്, സി.പി സലീം, അബൂബക്കർ സലഫി, വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി കെ.താജുദ്ദീൻ സ്വലാഹി, ഭാരവാഹികളായ ടി.കെ നിഷാദ് സലഫി, യു.മുഹമ്മദ് മദനി, ഒ.മുഹമ്മദ് അൻവർ, ഡോ.ഫസലുറഹ്മാൻ, കെ അബ്ദുല്ല ഫാസിൽ, ജംശീർ സ്വലാഹി, പി.യു സുഹൈൽ, ഡോ.പി.പി നസീഫ്, മുജീബ് ഒട്ടുമ്മൽ പ്രസംഗിച്ചു.

## സർഗവസന്തം: മലപ്പുറം ഈസ്റ്റും വെസ്റ്റും ജേതാക്കൾ

കോഴിക്കോട്: വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സംസ്ഥാന സമിതി സംഘടിപ്പിച്ച 'സർഗവസന്തം' കലാ സാഹിത്യ മത്സരങ്ങളിൽ മലപ്പുറം ഈസ്റ്റ്, മലപ്പുറം വെസ്റ്റ് ജില്ലകൾ 89 പോയിന്റ് നേടി ഒന്നാം സ്ഥാനം പങ്കിട്ടു. 86, 75 പോയിന്റുകൾ നേടി യഥാക്രമം മലപ്പുറം നോർത്തും കാസർഗോഡും രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി.

ബഡ്സ്, കിഡ്സ്, ചിൽഡ്രൻ, സബ്ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളിലായാണ് മത്സരങ്ങൾ നടന്നത്.

സംസ്ഥാന തലത്തിലെ മുഴുവൻ മത്സരങ്ങളുടെയും ഫലപ്രഖ്യാപനം നടത്തിയ ഗ്രാന്റ് ഫിനാലെ പ്രോഗ്രാം പ്രശസ്ത കവി കെ. സച്ചിദാനന്ദൻ ഉദ്ഘാടനം ചെയ്തു. വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന ജനറൽ സെക്രട്ടറി ഷമീൽ അരീക്കോട് സമാപന ഭാഷണം നിർവഹിച്ചു. സംസ്ഥാന സെക്രട്ടറി ടി.മുഹമ്മദ് ഷമീൽ, സ്വാലിഹ് കാവനൂർ എന്നിവർ ആങ്കർമാരായിരുന്നു.

മുഖമൊഴി

# തീവ്രവാദ മുദ്രകുത്താൻ ഓരോരോ കാരണങ്ങൾ!

ഇഷ്ടമുള്ള മതം സ്വീകരിക്കുവാനും ആ മതത്തിന്റെ ആചാരാനുഷ്ഠാനങ്ങൾ ജീവിതത്തിൽ പകർത്തുവാനും, ഒരു മതത്തിലും വിശ്വാസമില്ലാതെയും നിരീശ്വരവാദിയായും ജീവിക്കുവാനും, ഇഷ്ടമുള്ള രാഷ്ട്രീയ പാർട്ടിയിൽ ചേരുവാനും, ഇഷ്ടമുള്ള ഭക്ഷണം കഴിക്കുവാനുമൊക്കെ ഭരണഘടനാപരമായിത്തന്നെ അനുവാദമുള്ള ഒരു രാജ്യത്താണ് നാം ജീവിക്കുന്നത്. എന്നാൽ ഖേദകരമെന്നു പറയട്ടെ, മുസ്‌ലിം ന്യൂനപക്ഷത്തിന് ഈ സ്വാതന്ത്ര്യമൊന്നും വകവച്ചുകൊടുക്കുവാൻ പാടില്ല എന്ന മട്ടിൽ അവരുടെ ഓരോ ചലനത്തിലും തീവ്രവാദത്തിന്റെ അടയാളം കണ്ടെത്തുവാനുള്ള ഭൂതക്കണ്ണാടിയുമായി നടക്കുകയാണ് ചിലർ. അതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് 'ഹലാൽ' വിവാദം.

മുസ്‌ലിംകൾ ഹലാലും ഹറാമും നോക്കി ജീവിക്കുവാൻ തുടങ്ങിയത് ഈ അടുത്തകാലത്തു മാത്രമാണ് എന്നാണ് ഈ വിഭാഗം മനസ്സിലാക്കിയിട്ടുള്ളത് എന്നാണ് തോന്നുന്നത്. മുസ്‌ലിംകൾ എക്കാലത്തും ജീവിച്ചിട്ടുള്ളതും ഇപ്പോൾ ജീവിക്കുന്നതും ഹലാലും ഹറാമും നോക്കിയിട്ടുതന്നെയാണ്. അത് ഭക്ഷണകാര്യത്തിൽ മാത്രമല്ല, ജീവിതത്തിന്റെ എല്ലാ മേഖലകളിലും പരിഗണിക്കുന്ന കാര്യമാണ്.

താടിയിലും പർദയിലുമൊക്കെ തീവ്രവാദത്തിന്റെ തീപ്പൊരി കണ്ടെത്തിയവർ ഇപ്പോൾ ഹലാലിലും തീവ്രവാദം കണ്ടെത്തിയിരിക്കുകയാണ്! ഇതിനു കാരണം അവരുടെ അജ്ഞതയാണെങ്കിൽ നമുക്കതിന്റെ നിജസ്ഥിതി പറഞ്ഞു മനസ്സിലാക്കിക്കൊടുക്കാമായിരുന്നു. എന്നാൽ അറിവില്ലായ്മയല്ല, വെറുപ്പിന്റെ തത്ത്വശാസ്ത്രം പ്രചരിപ്പിച്ച് രാഷ്ട്രീയലാഭം കൊയ്യാനുള്ള ദുരുദ്ദേശമാണിതിനു പിന്നിൽ എന്നത് വളരെ വ്യക്തമാണ്. അതേസമയം ഈ പ്രചാരണത്തിൽ വീണ് തെറ്റുധാരണയിൽ അകപ്പെടുന്ന ഒട്ടേറെയാളുകളുണ്ട്. മുസ്‌ലിംകൾ ഹലാലും ഹറാമും നോക്കി ജീവിക്കുന്നത് മറ്റാർക്കെങ്കിലും ഉപദ്രവമുണ്ടാക്കുന്നതല്ല, അതേസമയം ഉപകാരപ്രദവുമാണ്. അയൽവാസിയായ അമുസ്‌ലിം വന്ന് അത്യാവശ്യമായി അൽപം കാശ് കടംതരണം, പലിശയടക്കം തിരിച്ചുതരാം എന്ന് പറയുമ്പോൾ പലിശ വാങ്ങൽ ഹലാലല്ല, ഹറാമാണ്, അതുകൊണ്ട് പലിശയൊന്നും തരേണ്ട എന്നു പറഞ്ഞ് ആവശ്യമുള്ള കാശ് കടംകൊടുക്കുന്നു. ഹലാൽ അല്ലാത്ത പലിശ വേണ്ട എന്നു പറഞ്ഞത് തീവ്രവാദമാണോ?

ഇസ്‌ലാം എന്ന സമാധാനത്തെ അസമാധാനത്തിലേക്ക് നയിക്കുന്ന തീവ്രതയെ അല്ലാഹുവും അവന്റെ പ്രവാചകനും ഇഷ്ടപ്പെടുകയില്ലെന്നതിൽ സംശയമില്ല. സ്രഷ്ടാവിന് 'കീഴ്പെട്ട്' ജീവിക്കുന്ന മുസ്‌ലിമിന്ന് യോജിക്കുന്ന രീതിയല്ല അത്. വേദക്കാരോട് അല്ലാഹു പറഞ്ഞത് ശ്രദ്ധിക്കുക: "പറയുക: വേദക്കാരേ, സത്യത്തിനെതിരായിക്കൊണ്ട് നിങ്ങളുടെ മതകാര്യത്തിൽ നിങ്ങൾ അതിരുകവിയരുത്. മുമ്പേ പിഴച്ചു പോകുകയും ധാരാളം പേരെ പിഴപ്പിക്കുകയും നേർമാർഗത്തിൽ നിന്ന് തെറ്റിപ്പോകുകയും ചെയ്ത ഒരു ജനവിഭാഗത്തിന്റെ തന്നിഷ്ടങ്ങളെ നിങ്ങൾ പിൻപറ്റുകയും ചെയ്യരുത്" (ക്വുർആൻ 5:77).

അബ്ദുല്ലാഹിബ്നു മസ്ഊദ്ﷺവിൽ നിന്നും ഇമാം മുസ്‌ലിം ഉദ്ധരിക്കുന്ന ഹദീഥിൽ 'തീവ്രത പുലർത്തുന്നവർ നശിക്കട്ടെ' എന്ന് നബിﷺ മൂന്ന് തവണ ആവർത്തിച്ചു പറഞ്ഞതായി കാണാം.

സുസ്ഥിര സമാധാന സങ്കേതമായ സ്വർഗലോകത്തേക്ക് മുഴുവൻ ജനങ്ങളെയും ക്ഷണിക്കുവാനുള്ള ദൗത്യവുമായാണ് മുഹമ്മദ് നബിﷺ ആഗതനായത്. അതുകൊണ്ട്തന്നെ അസമാധാനത്തിന്റെയും അശാന്തിയുടെയും അടയാളമായ തീവ്രതയും അതിരുകവിയലും ഒരിക്കലും അംഗീകരിച്ചില്ല. കാരണം അത് നാശത്തിന്റെ വഴിയാണ്. അത് ഉന്മൂലനവും സങ്കുചിതത്വവുമാണ്. ആയതിനാൽ അത്തരം ഭാരങ്ങളും വിലങ്ങുകളും ജനതയിൽനിന്ന് ഇറക്കിവെക്കുവാനാണ് അദ്ദേഹം പ്രയത്നിച്ചത്. ആരൊക്കെ എത്ര തെറ്റുധരിപ്പിക്കാൻ ശ്രമിച്ചാലും സത്യം സത്യമായിത്തന്നെ നിലനിൽക്കും.

സജ്ജാദ് ബിൻ അബ്ദുറസാക്
binabdurazack@gmail.com

ലേഖനം




# നാസ്തികർ ചരിത്രം വായിക്കുമോ?

ഈയടുത്ത കാലത്ത് കാനഡയിലെ ഒന്റാരിയോയിൽ മുസ്‌ലിം കുടുംബത്തിന് നേരെ നടന്ന ഒരു ആക്രമണത്തെക്കുറിച്ച് പത്രമാധ്യമങ്ങളിലൂടെ നാം വായിച്ചിരുന്നു. അത് ഇസ്‌ലാമോഫോബിയയുടെ ഭാഗമാണ് എന്ന് കനേഡിയൻ പ്രസിഡന്റ് പറയുകയും ചെയ്തു.

ആ വിഷയത്തിൽ കേരളത്തിലെ നാസ്തികാചാര്യനായ രവിചന്ദ്രൻ ഒരു പോസ്റ്റെഴുതി അദ്ദേഹത്തിന്റെതന്നെ മുഖപുസ്തകത്തിലൂടെ അത് പങ്കുവയ്ക്കുകയും ചെയ്തിരുന്നു.

അതിലദ്ദേഹം എഴുതിയത് ആ ആക്രമണം നടത്തിയ വ്യക്തിയുടെ തലച്ചോറിൽ 'ഇൻസ്റ്റാൾ ചെയ്യപ്പെട്ട മതം എന്ന സോഫ്റ്റ് വെയറാണ്' ആ കൊലയാളിയെക്കൊണ്ട് ആ ക്രൂരത ചെയ്യിപ്പിച്ചത് എന്നാണ്! ഇവിടെ എന്താണ് രവിചന്ദ്രൻ ഉദ്ദേശിച്ചത് എന്ന് വ്യക്തമാണ്!

നെഥാനിയേൽ വെൽറ്റ്മാൻ എന്ന ആ കൊലയാളി മതം ഉപേക്ഷിച്ച് ജീവിച്ചിരുന്നുവെങ്കിൽ അവൻ അത്തരം അക്രമം നടത്തുമായിരുന്നില്ല എന്നാണല്ലോ രവിചന്ദ്രൻ ഉദ്ദേശിച്ചത്!

മതമാണ് സർവ പ്രശ്നങ്ങളുടെയും മൂലകാരണമെന്നും അതിനാൽ എല്ലാവരും മതമുപേക്ഷിച്ച് മനുഷ്യരാകണമെന്ന് വാദിക്കുന്ന നാസ്തികരോടും കൂട്ടത്തിൽ രവിചന്ദ്രനോടും ഈ സന്ദർഭത്തിൽ നമുക്ക് ചോദിക്കാനുള്ളത് നാസ്തികർ ചരിത്രം വായിക്കാൻ ഒരുക്കമുണ്ടോ എന്നാണ്.

'മതമുപേക്ഷിക്കൂ, മനുഷ്യരാകൂ' എന്ന് ഊണിലും ഉറക്കിലും പറയുന്നവർ മതമുപേക്ഷിച്ച, നിരീശ്വര വാദികളായിരുന്ന ഭരണാധികാരികൾ മനുഷ്യത്വം തൊട്ടുതീണ്ടിയിട്ടില്ലാത്ത രീതിയിൽ ചെയ്തുകൂട്ടിയ ക്രൂരതകളുടെ കണക്കു നോക്കാനോ അറിയാനോ മനസ്സ് കാണിക്കാറില്ല എന്നതാണ് വാസ്തവം.

സോവിയറ്റ് യൂണിയനെ നയിച്ച കമ്യൂണിസ്റ്റ് ഏകാധിപതിയായിരുന്ന ജോസഫ് സ്റ്റാലിൻ തന്റെ ഭരണചക്രം തിരിക്കുന്ന കാലത്ത് കൊന്നുകളഞ്ഞത് രണ്ടര കോടി ജനങ്ങളെയാണ്! അദ്ദേഹം ഒരു മതവിശ്വാസിയായിരുന്നില്ല. 1888ൽ ഗോരി ചർച്ച് സ്കൂളിൽ ചേർന്ന് ഒരു പുരോഹിതനായി ദൈവശാസ്ത്രം പഠിക്കുന്നതിന് പകരം കാറൽ മാർക്സിന്റെ തത്ത്വചിന്തകൾ വായിക്കാനായിരുന്നു അദ്ദേഹത്തിന് കൂടുതൽ താത്പര്യം.

സ്റ്റാലിൻ കൂടുതൽ സമയവും വിപ്ലവ ചിന്തകൾ ഉൾകൊള്ളുന്ന കൃതികൾ വായിക്കാൻ ഇഷ്ടപ്പെട്ട ഒരാളായിരുന്നു. സ്റ്റാലിന്റെ അമ്മ പള്ളിയും ഭക്തിയുമൊക്കെയായി കഴിഞ്ഞിരുന്ന ഒരു സ്ത്രീയായിരുന്നു. എന്നാൽ അവരുടെ ഇഷ്ടങ്ങൾക്കും താൽപര്യങ്ങൾക്കും തീർത്തും എതിരായിട്ടാണ് മകൻ വളർന്നത്. അദ്ദേഹം കറകളഞ്ഞ ഒന്നാന്തരം നിരീശ്വരവാദിയായിരുന്നു എന്ന് ചരിത്രം നമ്മോട് പറയുന്നു.

പ്രാചീന ചൈനയുടെയും ആധുനിക ചൈനയുടെയും ചെയർമാൻ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഒരാളാണ് മാവോ സേതൂങ്. ഗറില്ല യുദ്ധത്തിലൂടെ ചൈനയെ ഇന്ന് നാം കാണുന്ന രീതിയിലുള്ള ആധുനിക ചൈനയാക്കി മാറ്റിയ മാവോ സേതൂങ് അതിന്റെ പേരിൽ കോടിക്കണക്കിന് ജനങ്ങളെയാണ് കൊന്നുതള്ളിയത്!

1923 കാലഘട്ടത്തിൽ 'ഹിന്ദുത്വ' എന്ന പേരിൽ ഒരു പുസ്തകം രചിക്കുകയും ഇന്ത്യ ഒരു ഹിന്ദുത്വ രാഷ്ട്രമാണ് എന്ന് പ്രഖ്യാപിക്കുകയും അതുകൊണ്ട് വൈദേശിക മതക്കാർ എന്ന് അവർ പറയുന്ന മുസ്‌ലിംകളും ക്രിസ്ത്യാനികളും ഉന്മൂലനം ചെയ്യപ്പെടണം എന്ന് വാദിക്കുകയും ചെയ്ത വിനായക് ദാമോദർ സവർക്കർ ഒരു നിരീശ്വരവാദിയായിരുന്നു എന്ന യാഥാർഥ്യം നാം തിരിച്ചറിയേണ്ടതുണ്ട്.

ബെറൈറ്റ പിസ്റ്റൾ ഉപയോഗിച്ച് രാഷ്ട്രപിതാവിന്റെ നെഞ്ചിലേക്ക് കാഞ്ചിവലിച്ചത് നാഥുറാം വിനായക് ഗോഡ്സെ ആണെങ്കിലും അതിനുള്ള എല്ലാവിധ സഹായങ്ങളും മാനസികവും ശാരീരികവുമായ പരിശീലനങ്ങളും നൽകിയത് ഈ പറയുന്ന നിരീശ്വരവാദിയായ, മതവിശ്വാസിയല്ലാത്ത വിനായക് ദാമോദർ സവർക്കർ തന്നെയായിരുന്നു എന്ന് ഇതിനോടുകൂടെ നാം ചേർത്ത് മനസ്സിലാക്കുക.

ഇനി നമുക്ക് ഏകാധിപത്യ ഇറ്റലിയുടെ ഭരണാധികാരിയായിരുന്ന ബെനിറ്റോ മുസോളിനിയിലേക്ക് വരാം. ദേശീയതയുടെ പേരിൽ ലക്ഷക്കണക്കിന് മനുഷ്യരെയാണ് മുസോളിനി കൊന്നുതള്ളിയത്. മുസോളിനി ചെറുപ്പത്തിൽ ഒരു ക്രിസ്ത്യാനിയായിരുന്നുവെങ്കിലും വലുതായപ്പോൾ അദ്ദേഹം മതം ഉപേക്ഷിച്ച് ഒരു നിരീശ്വരവാദിയാവുകയായിരുന്നു എന്ന് അദ്ദേഹത്തിന്റെ ഭാര്യ റേച്ചൽ മുസോളിനി Mussolini an intimate biography എന്ന പുസ്തകത്തിൽ കുറിക്കുന്നുണ്ട്.

മതമുപേക്ഷിച്ച് ജീവിച്ച ആളുകൾ അധികാരത്തിന്റെ ദണ്ഡ് ഉപയോഗിച്ച് കാട്ടിക്കൂട്ടിയ ഭീകരാക്രമണങ്ങളുടെ പട്ടിക അങ്ങനെ നീണ്ട് നീണ്ട് പോവുകയാണ് ചെയ്യുന്നത്. പോൾപോട്ടും ഹിറ്റ്ലറുമെല്ലാം ഈ ഗണത്തിൽതന്നെ പെടുന്നവരാണ്.

> **രണ്ടാംലോക മഹായുദ്ധത്തിന് മുൻപുവരെ ജനതയിൽ മൂന്നിലൊന്ന് മുസ്‌ലിംകളും ബാക്കി ക്രിസ്ത്യാനികളും എന്ന നിലയിൽ മുന്നോട്ട് പോയിരുന്ന അൽബേനിയയിൽ രണ്ടാംലോക മഹായുദ്ധകാലത്ത് വിപ്ലവങ്ങൾ സംഘടിപ്പിക്കപ്പെട്ടു. യുദ്ധകാലത്ത് അൽബേനിയയിലെ കമ്യൂണിസ്റ്റ് സംഘടനക്ക് ഐക്യകക്ഷികളുടെ സഹായവും ലഭിച്ചിരുന്നു. അങ്ങനെയാണ് 1944 നവംബറിൽ കമ്യൂണിസ്റ്റ് ലേബർ പാർട്ടിയുടെ നേതാവ് എൻവർ ഹോജയുടെ നേതൃത്വത്തിൽ ഒരു ഗവൺമെന്റ്രൂപീക്കരിക്കുന്നത്. മതങ്ങൾക്കെതിരെ പടവെട്ടാൻ ഇറങ്ങിയ എൻവർ ഹോജ അൽബേനിയയെ The First Atheist Nation in the World അഥവാ ആദ്യത്തെ നിരീശ്വരവാദ രാഷ്ട്രമായി പ്രഖ്യാപിച്ചു.**

ഇതൊക്കെ പറയുമ്പോൾ ചില ഞൊണ്ടിന്യായങ്ങൾ പറഞ്ഞ് രക്ഷപ്പെടാൻ ശ്രമിക്കുന്ന ചിലരുണ്ട്.'നിങ്ങൾ പറയുന്ന ജോസഫ് സ്റ്റാലിനും ലെനിനും മാവോ സേതൂങ്ങുമെല്ലാം കമ്യൂണിസ്റ്റുകാരായിരുന്നല്ലോ. അതുകൊണ്ട് അവർ ചെയ്ത ക്രൂരതകൾ എല്ലാംതന്നെ കമ്യൂണിസത്തിന്റെ പേരിലാണ്, അതെങ്ങനെ നാസ്തികതയുടെ പട്ടികയിൽ വരും' എന്നതാണ് ആ 'ന്യായ'വും മറുപടിയും.

യഥാർഥത്തിൽ ഇത് മറുപടിയല്ല, 'മറപിടി'യാണ് എന്നതാണ്. കാരണം ദൈവവിശ്വാസങ്ങളും മതങ്ങളുമാണ് ഭീകരതക്ക് കാരണം എന്നാണല്ലോ നാസ്തികരുടെ വാദത്തിന്റെ മർമം. അതിനാൽതന്നെ മതം ഉപേക്ഷിച്ചാൽ മാനവികത കൈവരിക്കാം എന്നാണവർ പറയുന്നത്.

എന്നാൽ നാം തിരിച്ചറിയുക, മാനവ ചരിത്രം കണ്ടതിൽവെച്ച് ഏറ്റവും വലിയ ക്രൂരതകൾ ചെയ്തത് ഒരു മതവും ഇല്ലാത്ത, മതവും ദൈവവിശ്വാസവും തെറ്റാണ് എന്ന് വിശ്വസിക്കുന്ന, ഒരുവേള മതത്തെയും ദൈവവിശ്വാസത്തെയും ഇല്ലാതാക്കാൻ തന്നെ ശ്രമിച്ച ആളുകളാണ്. മതം ഉപേക്ഷിച്ചാൽ മാനവികത നേടാം എന്ന നാസ്തികരുടെ സിദ്ധാന്തത്തിന് ഒന്നാന്തരം അപവാദം തന്നെയാണ് ശുദ്ധ നിരീശ്വര, ഭൗതികവാദത്തിൽ അധിഷ്ഠിതമായ കമ്യൂണിസവും അതിന്റെ ആചാര്യന്മാരും അവർ ചെയ്ത ക്രൂരതകളും.

ജോസഫ് സ്റ്റാലിനും ലെനിനും പോൾപോട്ടും മാവോ സേതൂങ്ങും എല്ലാം നിരീശ്വരവാദികളായിരുന്നെങ്കിലും അവരാരും ആ ക്രൂരതകൾ ചെയ്തത് നാസ്തികതയുടെ പേരിലല്ല എന്ന് പറയാൻ ശ്രമിക്കുന്നു, അങ്ങനെ വാദിക്കുന്ന നാസ്തികർ നിർബന്ധമായും അറിഞ്ഞിരിക്കേണ്ട ഒരു ചരിത്രമുണ്ട്; അൽബേനിയ എന്ന ആദ്യത്തെ നിരീശ്വരവാദ രാഷ്ട്രത്തിന്റെ ചരിത്രം!

മതത്തെയും ദൈവത്തെയും പിഴുതെറിഞ്ഞ് നിരീശ്വരവാദികൾ അവകാശപ്പെടുന്നപോലെ തീർത്തും സമാധാനം പൂത്തുലഞ്ഞുനിന്ന ഒരു രാഷ്ട്രം ലോകത്ത് ഉണ്ടായിട്ടുണ്ടോ? മതത്തെ പിഴുതെറിഞ്ഞ ഒരു രാഷ്ട്രം ഉണ്ടായിട്ടുണ്ട്. എന്നാൽ രവിചന്ദ്രൻ പറയുന്നപോലെ അവിടെ സമാധാനം ഉണ്ടായിരുന്നോ എന്നതാണ് പരിശോധിക്കേണ്ടത്.

രണ്ടാംലോക മഹായുദ്ധത്തിന് മുൻപുവരെ ജനതയിൽ മൂന്നിലൊന്ന് മുസ്‌ലിംകളും ബാക്കി ക്രിസ്ത്യാനികളും എന്ന നിലയിൽ മുന്നോട്ട് പോയിരുന്ന അൽബേനിയയിൽ രണ്ടാംലോക മഹായുദ്ധകാലത്ത് വിപ്ലവങ്ങൾ സംഘടിപ്പിക്കപ്പെട്ടു. യുദ്ധകാലത്ത് അൽബേനിയയിലെ കമ്യൂണിസ്റ്റ് സംഘടനക്ക് ഐക്യകക്ഷികളുടെ സഹായവും ലഭിച്ചിരുന്നു. അങ്ങനെയാണ് 1944 നവംബറിൽ കമ്യൂണിസ്റ്റ് ലേബർ പാർട്ടിയുടെ നേതാവ് എൻവർ ഹോജയുടെ നേതൃത്വത്തിൽ ഒരു ഗവൺമെന്റ് രൂപീക്കരിക്കുന്നത്. മതങ്ങൾക്കെതിരെ പടവെട്ടാൻ ഇറങ്ങിയ എൻവർ ഹോജ അൽബേനിയയെ The First Atheist Nation in the World അഥവാ ആദ്യത്തെ നിരീശ്വരവാദ രാഷ്ട്രമായി പ്രഖ്യാപിച്ചു.

ആ നാട് പിന്നീട് എങ്ങനെയാണ് മുന്നോട്ട് പോയത് എന്നറിയാൻ അവിടുത്തെ ഭരണഘടനയുടെ അനുഛേദം 37ൽ എഴുതിവച്ച കാര്യങ്ങൾ നോക്കിയാൽ മതി:



‘രാഷ്ട്രം ഒരു മതത്തെയും ഔദ്യോഗികമായി അംഗീകരിക്കുന്നില്ല. മതത്തെ അംഗീകരിക്കുന്നില്ല എന്ന് മാത്രമല്ല ഭൗതികവാദ ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കാൻ നിരീശ്വരവാദ പ്രചാരണത്തെ പിന്തുണക്കുകയും ചെയ്യുന്നു.’

ഈ എൻവർ ഹോജ മതത്തിനെതിരെയുള്ള യുദ്ധം ആരംഭിച്ചത് അധികാരത്തിൽ കയറിയ ഉടനെ അദ്ദേഹം കൊണ്ടുവന്ന കാർഷിക പരിഷ്കരണ നിയമത്തിലൂടെയായിരുന്നു. അതിന്റെ ഭാഗമായി പള്ളികൾ, ധ്യാനകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ തുടങ്ങി മതസ്ഥാപനങ്ങളുടെ കയ്യിലുള്ള ഭൂമികൾ ആ ഗവർണമെന്റ് പിടിച്ചെടുക്കുന്ന അവസ്ഥയുണ്ടായി. മുസ്‌ലിംകളും ക്രിസ്ത്യാനികളും നടത്തുന്ന വിദ്യാഭ്യാസ, ആരോഗ്യ സ്ഥാപനങ്ങളെല്ലാം പൂട്ടിച്ചു. ഇങ്ങനെയൊക്കെയാണ് എൻവർ ഹോജ മതത്തിന് നേരെ അവിടെ യുദ്ധംപ്രഖ്യാപിച്ചു മുന്നോട്ട് പോയിരുന്നത്.

പിന്നീട് 1960 കളോടെ എൻവർ ഹോജ പള്ളികളും ചർച്ചുകളും പിടിച്ചെടുത്ത് ജിംനേഷ്യങ്ങളും മറ്റുമാക്കി അവയെ മാറ്റി. നൂറുകണക്കിന് പുരോഹിതന്മാരെ തടവിലാക്കി, കുറെപേരെ പട്ടിണിക്കിട്ട് കൊന്നു! അൽബേനിയയിൽ ഔദ്യോഗികമായി നിരീശ്വരവാദം പ്രചരിപ്പിച്ചു എന്ന് മാത്രമല്ല, മതപ്രബോധനം നടത്തുന്നതും മതഗ്രന്ഥങ്ങൾ സൂക്ഷിക്കുന്നതും മൂന്ന് വർഷംവരെ തടവുശിക്ഷ ലഭിക്കുന്ന കുറ്റമായി മാറി!

ഇങ്ങനെ തുടങ്ങി എന്തെല്ലാം ക്രൂരതകളാണ് മതം ഉപേക്ഷിക്കാത്തവർക്കുനേരെ മാനവികത പറയുന്നർ ചെയ്ത് കൂട്ടിയിട്ടുള്ളത് എന്ന് അൽബേനിയയുടെ ചരിത്രം വായിക്കുമ്പോൾ നമുക്ക് കാണാൻ കഴിയുന്നുണ്ട്. ഈ സത്യങ്ങളെല്ലാം മൂടിവെച്ചിട്ടാണ് നാസ്തികർ മതവും ദൈവവിശ്വാസവും സർവ പ്രശ്നങ്ങളുടെയും കാരണമാണ് എന്ന് പറയാറുള്ളത്.

അന്യായമായി ഒരാളെ പോലും കൊല്ലരുത് എന്നാണ് ഇസ്‌ലാം മതം മനുഷ്യനെ പഠിപ്പിക്കുന്നത്. അല്ലാഹു പറയുന്നു:

“മറ്റൊരാളെ കൊന്നതിന് പകരമായോ, ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ, അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ, അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു...” (ക്വുർആൻ 5:32).

ദാഹിച്ചു വലഞ്ഞ് വന്ന ഒരു നായക്ക് വെള്ളം കൊടുത്തതിന്റെ പേരിൽ സ്വർഗത്തിൽ പോയ ഒരാളെക്കുറിച്ച് സ്വഹാബകൾക്ക് പറഞ്ഞ് കൊടുത്തത് ജീവിതത്തിൽ ഒരിക്കൽപോലും കളവ് പറഞ്ഞിട്ടില്ലാത്ത, അല്ലാഹുവിൽനിന്ന് ലഭിക്കുന്ന വഹ്‌യിന്റെ അടിസ്ഥാനത്തിൽ മാത്രം ലോകത്തിന് മതം പഠിപ്പിച്ച മുഹമ്മദ് നബിﷺയാണ്.

നാസ്തികത എന്ന ആശയം കൊണ്ടുനടക്കുന്ന സഹോദരങ്ങളോട് നമുക്ക് ചോദിക്കാനുള്ളത് മതവിശ്വാസത്തോട്, പ്രത്യേകിച്ചും ഇസ്‌ലാമിനോട് നിങ്ങൾക്ക് വിദ്വേഷമുണ്ട് എന്ന് കരുതി നിങ്ങൾ അതിനോട് അനീതി കാണിക്കലല്ലേ യഥാർഥത്തിൽ ആശയപ്രചാരണം എന്ന പേരിൽ ചെയ്തു കൊണ്ടിരിക്കുന്നത്?


അനീതി ആരോടും കാണിക്കാതിരിക്കാൻ വിശ്വാസികളെ പ്രേരിപ്പിക്കുന്ന ഒരു ക്വുർആൻ സൂക്തം കാണുക:

“സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന് വേണ്ടി നിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക. അതാണ് ധർമനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ചെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു” (ക്വുർആൻ 5:8).

> **മതങ്ങൾക്കെതിരെ പടവെട്ടാൻ ഇറങ്ങിയ എൻവർ ഹോജ മതത്തിനെതിരെയുള്ള യുദ്ധം ആരംഭിച്ചത് അധികാരത്തിൽ കയറിയ ഉടനെ അദ്ദേഹം കൊണ്ടുവന്ന കാർഷിക പരിഷ്കരണ നിയമത്തിലൂടെയായിരുന്നു. അതിന്റെ ഭാഗമായി പള്ളികൾ, ധ്യാനകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ തുടങ്ങി മതസ്ഥാപനങ്ങളുടെ കയ്യിലുള്ള ഭൂമികൾ ഗവർണമെന്റ് പിടിച്ചെടുക്കുന്ന അവസ്ഥയുണ്ടായി. മുസ്‌ലിംകളും ക്രിസ്ത്യാനികളും നടത്തുന്ന വിദ്യാഭ്യാസ, ആരോഗ്യ സ്ഥാപനങ്ങളെല്ലാം പൂട്ടിച്ചു. ഇങ്ങനെയൊക്കെയാണ് എൻവർ ഹോജ മതത്തിന് നേരെ അവിടെ യുദ്ധംപ്രഖ്യാപിച്ചു മുന്നോട്ട് പോയത്.**

മുജീബ് ഒട്ടുമ്മൽ
mujeeb.ottummal@gmail.com






# ഹലാൽ: വിവാദങ്ങളും ഫലിതങ്ങളും

**തൊടുന്നതെന്തും വിവാദമാക്കാനും അതുവഴി വർഗീയത വളർത്താനുമാണ് സംഘ്പരിവാറിന്റെ ശ്രമം. മതാതീതമായി മാനവർക്ക് ഉപകാരപ്പെടുന്നതാണ് ഇസ്‌ലാമിലെ ഹലാൽ സമ്പ്രദായം. എന്നാൽ ഇതിനെയും സ്പർധ വളർത്താനുള്ള ഉപകരണമാക്കിമാറ്റി അവർ!**

'അമ്പലങ്ങൾ ചർച്ചുകൾ പള്ളികളും
തൊട്ടുരുമ്മി നിൽക്കും സൗഹൃദത്തിൻ സാക്ഷിയായ്
സ്നേഹ സഹിഷ്ണുതയുള്ളവർ ഇന്നാട്ടുകാർ
ജാതി മതമേതാകിലും സൗമ്യരായ്'

കേരളത്തിന്റെ പ്രകൃതിരമണീയതയെ വർണിച്ചുകൊണ്ട് മഹാനായ എൻ.കെ അഹ്മദ് മൗലവി(റഹി) എഴുതിയ അറബിക്കവിതയിലെ രണ്ടു വരികളുടെ അർഥമാണ് നാം വായിച്ചത്. കേരളത്തിന്റ മാനവസാഹോദര്യത്തെക്കുറിച്ച് മനോഹരമായ വചനങ്ങളിൽ അദ്ദേഹം കുറിച്ചിട്ടു.

പുരാതനകാലം മുതലുള്ള ഇന്നാട്ടിലെ ജനങ്ങളുടെ സാഹോദര്യ-മൈത്രീബന്ധങ്ങൾ തകർക്കാൻ കുതന്ത്രങ്ങൾ മെനഞ്ഞവരിലധികവും അധികാരമോഹികളും കൊളോണിയൽ ശക്തികളുമാണ്. ഭിന്നിപ്പിച്ച് മുതലെടുക്കാൻ നാളിതുവരെ തന്ത്രങ്ങൾ മെനഞ്ഞിട്ടും നടക്കാതെപോയതിലുള്ള ജാള്യതയാണ് പുതിയ വിവാദങ്ങൾക്ക് നിദാനം. ഭക്ഷണത്തെ പോലും അതിനുവേണ്ടി ഉപയോഗപ്പെടുത്താൻ പെരും കള്ളങ്ങൾ പ്രചരിപ്പിച്ച് ജനങ്ങളെ വിഡ്ഢികളാക്കാൻ ഇക്കൂട്ടർ ശ്രമിക്കുന്നു! പൊതുജനങ്ങളുടെ നിസ്സംഗതയും അധികാരികളുടെ തിരിച്ചറിവില്ലായ്മയുമാണ് ഇത്തരക്കാൻ വളരാൻ നിദാനമാകുന്നതെന്ന് പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല.

മലയാളിയുടെ പ്രബുദ്ധതയും പരസ്പരം ഉൾകൊള്ളാനുള്ള വിശാലമനസ്സും പലരെയും അസ്വസ്ഥരാക്കുന്നുവെന്നതാണ് ഹലാൽ വിവാദം ഉയർന്നുവരാൻ കാരണം. മലയാളികളുടെ ഭക്ഷണശീലവും വൃത്തിയും എക്കാലത്തും ചർച്ചകൾക്ക് വിഷയീഭവിക്കാറുണ്ട്. ഇസ്‌ലാമിക ജീവിതത്തിലെ വിധിവിലക്കുകൾ ചില സാങ്കേതിക ശബ്ദങ്ങളിലൂടെയാണ് സമൂഹം വായിച്ചറിയാറുള്ളത്. അതിലെ പ്രധാന പ്രയോഗമാണ് 'ഹലാൽ.' 'അനുവദനീയം' എന്നാണ് അതിന്റെ അർഥം. വിശ്വാസിസമൂഹം ഉപയോഗിക്കുന്നതെന്തും ഹലാൽ (അനുവദനീയം) ആകണമെന്ന് ഇസ്‌ലാം നിഷ്‌കർഷിക്കുന്നു. ഈ വിധിയനുസരിച്ച് ജീവിക്കുന്ന മുസ്‌ലിം സമുദായത്തിന്റെ വിശ്വാസങ്ങൾ ഇന്നുവരെ വർഗീയ ധ്രുവീകരണത്തിനോ വെറുപ്പു വിതയ്ക്കുന്നതിനോ കാരണമായിട്ടില്ലെന്നതിന് ചരിത്രം സാക്ഷിയാണ്.

സംഘപരിവാരങ്ങളുടെ ഒളിയജണ്ടകൾ നടപ്പിലാക്കലിന്റെ ഭാഗമായി മലയാളി സൗഹാർദത്തിന് വിള്ളൽ വീഴ്ത്താൻ മൂർച്ചയുള്ള പദങ്ങൾ തേടിയപ്പോഴായിരിക്കാം 'ഹലാൽ' ശ്രദ്ധയിൽപെട്ടത്. മഹാ അബദ്ധങ്ങളാണ് ഹലാലിനെക്കുറിച്ച് ബിജെപിയുടെ ചില നേതാക്കൾ തട്ടിവിടുന്നത്. ദൃശ്യമാധ്യമങ്ങളിൽ പലതും ഫലിതങ്ങളും ഇവയെ ട്രോളുകളുമായി ആഘോഷിക്കുകയായിരുന്നു. അപവാദം ഉന്നയിച്ചവർക്കുതന്നെ അതിനെക്കുറിച്ച് പ്രാഥമിക അറിവ് പോലുമില്ല. ഹലാൽ നിരോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹരജി നൽകിയവനോട് ഹൈക്കോടതി പറഞ്ഞത് ആരോപണമുന്നയിക്കുമ്പോൾ പൂർണമായി പഠിച്ചിട്ട് വേണമെന്നാണ്. വർഗീയ അജണ്ടയെന്നും അനാചാരമെന്നുമെല്ലാം ഹലാലിന് വിശദീകരണം നൽകുന്നതിലെ വിഡ്ഢിത്തം ചില ചോദ്യങ്ങളിലൂടെ അവതാരകർ പൊളിച്ചടുക്കുന്നത് പൊട്ടിച്ചിരിയോടെയാണ് മലയാളികൾ കേട്ടിരുന്നത്.

## വിലയില്ലാത്ത ആരോപണം

'ഇന്ത്യയുടെ സംസ്‌കാരത്തിൽ അഭിമാനമുണ്ട്. വ്യത്യസ്ത വിഭാഗക്കാരായ ഉപയോക്താക്കളെക്കുറിച്ച് ബഹുമാനമുണ്ട്... ഭക്ഷണത്തിന് മതമില്ല, ഭക്ഷണമെന്നത് മതമാണ്'-ഓൺലൈൻ ഭക്ഷണവിതരണ ശൃംഖലയായ സൊമോറ്റയുടെ സ്ഥാപകൻ ദിപീന്ദർ ഗോയലിന്റ വാക്കുകളാണിത്.

2019 ഓഗസ്റ്റിൽ ഡൽഹിയിലെ അമിത് ശുക്ലയെന്നയാൾ സൊമോറ്റയിൽ നിന്ന് ഭക്ഷണത്തിന് ഓർഡർ ചെയ്തപ്പോൾ ഡെലിവറി ബോയ് ഹിന്ദുവല്ലാത്തതിനാൽ അയാൾ അത് ക്യാൻസൽ ചെയ്തതായി ട്വീറ്റ് ചെയ്തത്രെ! പണം തിരിച്ചുനൽകില്ലെന്നും ഡെലിവറി ബോയിയെ പിരിച്ചുവിടില്ലെന്നുമുള്ള നിലപാടിൽ സൊമോറ്റ ഉറച്ചുനിന്നു. മൂല്യങ്ങളെ ഖണ്ഡിച്ച് വരുന്ന ഓർഡറുകൾ നഷ്ടമാകുന്നതിൽ വിഷമമില്ലെന്ന് ദീപിന്ദർ ഗോയൽ ട്വീറ്റ് ചെയ്തതോടെ വിഷയം സമൂഹമാധ്യമങ്ങളിൽ സജീവ ചർച്ചയായി.

> **മലയാളിയുടെ പ്രബുദ്ധതയും പരസ്പരം ഉൾകൊള്ളാനുള്ള വിശാലമനസ്സും പലരെയും അസ്വസ്ഥരാക്കുന്നുവെന്നതാണ് ഹലാൽ വിവാദം ഉയർന്നുവരാൻ കാരണം. മലയാളികളുടെ ഭക്ഷണശീലവും വൃത്തിയും എക്കാലത്തും ചർച്ചകൾക്ക് വിഷയീഭവിക്കാറുണ്ട്. ഇസ്‌ലാമിക ജീവിതത്തിലെ വിധിവിലക്കുകൾ ചില സാങ്കേതിക ശബ്ദങ്ങളിലൂടെയാണ് സമൂഹം വായിച്ചറിയാറുള്ളത്. അതിലെ പ്രധാന പ്രയോഗമാണ് 'ഹലാൽ.' 'അനുവദനീയം' എന്നാണ് അതിന്റെ അർഥം. വിശ്വാസിസമൂഹം ഉപയോഗിക്കുന്നതെന്തും ഹലാൽ (അനുവദനീയം) ആകണമെന്ന് ഇസ്‌ലാം നിഷ്‌കർഷിക്കുന്നു. ഈ വിധിയനുസരിച്ച് ജീവിക്കുന്ന മുസ്‌ലിം സമുദായത്തിന്റെ വിശ്വാസങ്ങൾ ഇന്നുവരെ വർഗീയ ധ്രുവീകരണത്തിനോ വെറുപ്പു വിതയ്ക്കുന്നതിനോ കാരണമായിട്ടില്ലെന്നതിന് ചരിത്രം സാക്ഷിയാണ്.**

ഊബർ ഈറ്റ്സ് എന്ന മറ്റൊരു കമ്പനികൂടി സൊമോറ്റയെ പിന്തുണച്ച് രംഗത്തെത്തിയതോടെ വർഗീയതയുടെ വിഷം ചീറ്റി ശിഥിലീകരണപ്രവർത്തനങ്ങളിൽ വ്യാപൃതരായ ഹിന്ദുത്വവാദികൾ ഇരു കമ്പനികൾക്കുമെതിരെ അവരുടെ റൈറ്റിംഗ് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ശക്തമായ സൈബറാക്രമണങ്ങൾ നടത്തുകയുണ്ടായി.

'ഹിന്ദുക്കളോട് കളിക്കരുത്,' 'ശുക്ലാജിക്ക് പിന്തുണ' തുടങ്ങിയ കമൻറുകൾക്കൊപ്പം സൊമോറ്റ 'ഹലാൽ' ഭക്ഷണം വിളമ്പുന്നു എന്ന പ്രചാരണം വലിയ ആയുധമായി ഉപയോഗിക്കുകയാണവർ. എന്നാൽ വൈവിധ്യങ്ങളുടെ ഇന്ത്യൻ സൗന്ദര്യം നൽകിയ ഉൽബുദ്ധമനസ്സുകൾ സംഘപരിവാര പ്രചാരണങ്ങളെ നിഷ്കരുണം അവഗണിച്ചതിനാൽ സൊമോറ്റക്ക് പോറലേൽപിക്കാനായില്ലന്നതാണ് യാഥാർഥ്യം.

മലയാളിയുടെ വിവേചനബുദ്ധിയെയും സാംസ്കാരിക ഔന്നത്യത്തെയും പരിഹസിച്ചുകൊണ്ട് സംഘപരിവാർ സംഘടനകൾ കേരളത്തിലേക്കും 'ഹലാൽ ഭക്ഷണ' വിവാദം ഇറക്കുമതി ചെയ്തിരിക്കുകയാണ്.

എറണാകുളം കുറുമശ്ശേരിയിലെ ക്രൈസ്തവ സഹോദരൻ ജോൺസണിന്റ ഉടമസ്ഥതയിലുള്ള മോദി ബേക്കേഴ്സിലെ 'ഹലാൽ' സ്റ്റിക്കർ നീക്കണമെന്നാവശ്യപ്പെട്ട് ഹിന്ദു ഐക്യവേദി പ്രവർത്തകർ നോട്ടീസ് നൽകി. ആരുമറിയാതെ ജോൺസൺ അത് നീക്കിയെങ്കിലും നോട്ടീസ് സമൂഹമാധ്യമങ്ങളിലൂടെ പ്രചരിച്ചതോടെയാണ് പുതിയ വിവാദത്തിന് തുടക്കമായത്. നിയമപാലകർ നാല് ഐക്യവേദി പ്രവർത്തകരെ അറസ്റ്റുചെയ്തെങ്കിലും അസമാധാനവും അനൈക്യവും ജീവിതലക്ഷ്യമാക്കിയവർ വിഷയത്തെ കത്തിച്ച് നിറുത്തുകയായിരുന്നു.

കോവിഡ് മഹാമാരിയിൽ തകർന്ന സാമ്പത്തിക സ്ഥിതിയും തൊഴിൽനഷ്ടം കാരണമായി നെടുവീർപ്പിടുന്ന നിസ്സഹായതയുടെ കുടുംബാന്തരീക്ഷങ്ങളും രോഗഭീതിയിൽ താളംതെറ്റിയ സാമൂഹികക്രമങ്ങളുമെല്ലാം രാജ്യത്തിന്റ വീണ്ടെടുപ്പിന് ക്രിയാത്മകമായ സേവനസന്നദ്ധതയ്ക്കായി മനസ്സിനെ രൂപപ്പെടുത്തുന്നതിന് പകരം അപരത കൽപിച്ചുനൽകി മനുഷ്യനെ ക്രൂരമായി വേട്ടയാടാൻ പ്രേരിപ്പിക്കുന്ന സംഘപരിവാർ ദർശനം എന്തായാലും മനുഷ്യത്വവിരുദ്ധമാണെന്നതിൽ സംശയമില്ല.

വർഗീയതയുടെ വേലിക്കെട്ടിൽ ഭ്രാന്തമായ മനസ്സുകളിൽ വളർത്തിയെടുത്ത രാക്ഷസീയത ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ ന്യൂനപക്ഷ വേട്ടയ്ക്കായി സമാനതകളില്ലാതെ നിറഞ്ഞാടിയപ്പോൾ സാക്ഷരതയുടെ സാംസ്കാരിക ഭൂമികയായ മലയാളമണ്ണിൽ വിവേകമനസ്സുകളുടെ കാവലിൽ പരിവാരതന്ത്രങ്ങൾ നിഷ്പ്രഭമാകുകയായിരുന്നു.

ഹലാൽ വിവാദത്തിനും അൽപായുസ്സ് മാത്രമേയുള്ളൂവെങ്കിലും സാമൂഹിക ശൈഥില്യങ്ങൾക്ക് പുതിയമാനം തേടിയിറങ്ങുന്നവർക്ക് പഠിക്കാനേറെയുണ്ടന്ന് വിവാദങ്ങൾ ഓർമപ്പെടുത്തുകയാണ്.

### ഹലാലിലെ ഹിന്ദുത്വവിലാപം

'ഹലാൽ' ഭക്ഷണത്തിനും അതിന്റ അടയാളങ്ങൾക്കുമെല്ലാം പുതിയ വ്യാഖ്യാനം നൽകി രാജ്യത്തിന്റെയും സമൂഹത്തിന്റെയും ഗതിയെക്കുറിച്ച് പരിതപിക്കുകയും വിലപിക്കുകയും ചെയ്യുന്ന ഹിന്ദുത്വവാദികളുടെ അവസരഭാവം വലിയ തമാശയ്ക്ക് വകയുള്ളതാണ്.

ബ്രാഹ്മണ മേധാവിത്വം അരങ്ങുവാഴുന്ന ഹിന്ദുത്വരാഷ്ട്രീയവാഹകർ ഹലാൽ ഉൽപന്നങ്ങൾ മതസൗഹാർദത്തിന് ഭീഷണിയാണെന്ന വാദം ഉന്നയിക്കുമ്പോൾ ഇന്ത്യയുടെ സാമാന്യബോധം ആശ്ചര്യപ്പെടുമെന്നതിൽ സംശയമില്ല.



പുലയനും പറയനും ഉണ്ടാക്കിയത് നായരും നമ്പൂതിരിയും കഴിക്കില്ല എന്ന അയിത്തബോധത്തിന്റ വകഭേദമാണത്രെ ഹലാൽ ഭക്ഷണം! ഉത്തരേന്ത്യയുടെ ഗ്രാമാന്തരങ്ങളിൽ കൊലചെയ്യപ്പെട്ട ദളിതൻമാരുടെ ദൈന്യതയ്ക്ക് മുന്നിൽ ഭീകരതാണ്ഡവമാടിയ ബ്രാഹ്മണിക് രാഷ്ട്രീയത്തിന്റ ജാതിയതെക്കെതിരെയുള്ള ശബ്ദം കേവലം പ്രഹസനവും സാഹചര്യനാട്യവുമല്ലാതെ പിന്നെയെന്താണ്?

കച്ചവടരംഗത്തെ ഒരു വിഭാഗം മാത്രം (മുസ്‌ലിംകൾ) അധീനപ്പെടുത്തുകയെന്ന ലക്ഷ്യം ഹലാൽ ഭക്ഷണങ്ങളിൽ ദർശിക്കുന്ന സംഘപരിവാരരാഷ്ട്രീയം രാജ്യത്തെ കോർപറേറ്റുകൾക്ക് തീറെഴുതി നൽകാൻ നിയമനിർമാണം നടത്തുമ്പോൾ പിന്നെ കാവി വിലാപത്തിന്റെ മാനമെന്താണ്?

കർഷക കോടികളുടെ കണ്ണുനീരിന് വില കൽപിക്കാത്തവരുടെ ഭരണം സാമ്പത്തിക ഭീമൻമാരെ പ്രീതിപ്പെടുത്തുമ്പോൾ സാമ്പത്തിക അധീശത്വവാദത്തിലെ പൊരുളറിയാത്തവരായി ഇന്ത്യൻ പൗരൻമാരെ ഗണിക്കാനാകുമെന്നോ?

ഇസ്‌ലാമോഫോബിയ വികൃതമാക്കിയ മനസ്സുകൾക്ക് താളം പിഴയ്ക്കുമ്പോൾ പദങ്ങളുടെ കൂട്ടങ്ങൾ ക്രമംതെറ്റി വരുന്നതിന്റെ ഫലമായുള്ള ജൽപനങ്ങളിൽ 'സാമ്പത്തിക ജിഹാദ്' പുതിയതായി സ്ഥാനം പിടിച്ചിട്ടുണ്ട്.

'വേൾഡ് ഹലാൽഫോറം,' മലേഷ്യയിലെ 'ജെബതൻ കെമാജുവാൻ ഇസ്‌ലാം' പോലെയുള്ള സംഘടനകൾ മനഃപൂർവമായി സൃഷ്ടിക്കുന്ന വലിയ കമ്പോള സമ്മർദഫലമായാണത്രെ മുസ്‌ലിമേതര ഹോട്ടലുകൾ പോലും ഹലാൽ സർട്ടിഫിക്കറ്റ് വയ്ക്കുന്നത്! ഓർഗനൈസേഷൻ ഓഫ് ഇസ്‌ലാമിക് കോർപറേഷൻ (ഒഐസി) പോലെയുള്ള സംഘടനകൾ ആഗോള പ്രബോധക സംഘത്തെപോലും സ്പോൺസർ ചെയ്യുന്നുവെന്ന് പറഞ്ഞുവെച്ചതിലൂടെ അപകടകരമായ വിദ്വേഷപ്രചാരണത്തിന് ബൗദ്ധികമാനം നൽകാൻ കാവി രാഷ്ട്രീയം ശ്രമിക്കുന്നതും കാണാനാകും.

സൗദി അറേബ്യയും യുഎഇയും ബഹ്റൈനും ഖത്തറുമടക്കം 57 രാജ്യങ്ങൾ അംഗങ്ങളായ അന്താരാഷ്ട്ര സംഘടനയെക്കതിരെ നുണപ്രചാരണം നടത്തുന്നതിലെ യുക്തിയും ഹലാലിലൂടെ വിഭാഗീയതയുടെ വിത്തിടുകയെന്നതാണ്.

ഇന്ത്യയുടെ നയതന്ത്ര ബന്ധമുള്ള രാഷ്ട്രങ്ങളംഗളായ ഒഐസിയെ ഹലാലിന്റെ പേരിൽ പ്രതിക്കൂട്ടിൽ നിറുത്തുമ്പോൾ ഫാഷിസ്റ്റുകൾ മാതൃരാജ്യത്തിന്റെ വിശ്വാസ്യതയെയാണ് ചോദ്യം ചെയ്യുന്നത്. എന്നാൽ വലിയ മൾട്ടിനാഷണൽ കമ്പനികൾ മുതൽ ഇന്ത്യൻ കമ്പനിയായ ഗുജറാത്ത്

> **കോവിഡ് മഹാമാരിയിൽ തകർന്ന സാമ്പത്തിക സ്ഥിതിയും തൊഴിൽനഷ്ടം കാരണമായി നെടുവീർപ്പിടുന്ന നിസ്സഹായതയുടെ കുടുംബാന്തരീക്ഷങ്ങളും രോഗഭീതിയിൽ താളംതെറ്റിയ സാമൂഹികക്രമങ്ങളുമെല്ലാം രാജ്യത്തിന്റ വീണ്ടെടുപ്പിന് ക്രിയാത്മകമായ സേവന സന്നദ്ധതയ്ക്കായി മനസ്സിനെ രൂപപ്പെടുത്തുന്നതിന് പകരം അപരത കൽപിച്ചുനൽകി മനുഷ്യനെ ക്രൂരമായി വേട്ടയാടാൻ പ്രേരിപ്പിക്കുന്ന സംഘപരിവാർ ദർശനം എന്തായാലും മനുഷ്യത്വവിരുദ്ധമാണെന്നതിൽ സംശയമില്ല.**

അംബുജ എക്പോർട്ട്‌വരെ അവരുടെ ഉൽപന്നങ്ങളിൽ ഹലാൽ സ്റ്റിക്കർ പതിക്കുന്നുണ്ട് എന്നത് വിസ്മരിച്ചുകൂടാ. എന്നാൽ ലോകത്തെവിടെയും ഇതിന്റെ പേരിൽ വിഭാഗീയതയോ സാമ്പത്തിക അധീശത്തമോ നടന്നതായി തെളിയിക്കാനാവില്ല. വ്യത്യസ്ത മതങ്ങളുടെയും സംസ്കാരങ്ങളുടെയും സംഗമഭൂമിയായ ഇന്ത്യയിലെവിടെയും ഇന്നുവരെ ഇതിന്റെ പേരിൽ ചേരിതിരിവുണ്ടായതായി കണ്ടെത്താനാവില്ല. എന്നാൽ തീവ്രഹിന്ദുത്വവാദികൾ വംശീയ ധ്രുവീകരണത്തിനായി പുതിയ കെണിയൊരുക്കാൻ ഹലാൽ ഉൽപന്നങ്ങളിൽ കയറിപ്പിടിച്ച് വിവാദങ്ങൾ സൃഷ്ടിക്കുന്നുവെന്ന് മാത്രം.

### ഭക്ഷണത്തിലും വേർതിരിവിന്റ രാഷ്ട്രീയം

മനുഷ്യത്വത്തിന്റ ശവപ്പറമ്പായ ഫാസിസം ഭയമനഃശാസ്ത്രം പ്രചരിപ്പിക്കുന്നത് തങ്ങൾ ശത്രുവായിക്കാണുന്നവരെ കുറിച്ചുള്ള നുണക്കഥകളിലൂടെയാണ്. ആര്യമേധാവിത്വത്തിനും വംശശുദ്ധി ലക്ഷ്യത്തിനും നുണക്കഥകൾ സൃഷ്ടിച്ചുവിടുകയാണവർ. ഹിറ്റ്ലറുടെ ആത്മകഥയായ മെയിൻകാഫും ഗോൾവാൾക്കറുടെ വിചാരധാരയും തമ്മിൽ വലിയ സമാനതകളുണ്ടെന്നറിയുമ്പോഴാണ് സമീപകാല

ങ്ങളിലെ പുതിയ വിവാദങ്ങളുടെയും നിജസ്ഥിതിയെ തിരിച്ചറിയാനാകുന്നത്.

രാമക്ഷേത്ര വിഷയത്തിലെ തീവ്ര വികാരത്തിന് ശമനമുണ്ടായപ്പോഴെല്ലാം മറ്റു വിവാദങ്ങളും മുളച്ച് പൊങ്ങിയിരുന്നു. പശുരാഷ്ട്രീയം അങ്ങനെ ഉദിച്ചുവന്ന ഒരു മിത്താണ്. പരമ്പരാഗത ആചാരപ്രകാരം മാട്ടിറച്ചി കഴിക്കാത്തവൻ നല്ല ഹിന്ദുവായി കണക്കാക്കപ്പെട്ടിരുന്നില്ല എന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്. എന്നാൽ ഗോവധ നിരോധനം ഇന്ത്യയിലാകമാനം നടപ്പിലാക്കുവാനുള്ള ശ്രമത്തിലാണ് സംഘ്പരിവാറുകാർ. ഇതിനു പിന്നിലെ പ്രേരകം മതമല്ല, രാഷ്ട്രീയമാണെന്നു മനസ്സിലാക്കുവാൻ അതിബുദ്ധിയൊന്നും വേണ്ടതില്ല.

ഭക്ഷണത്തിൽ പോലും വേർതിരിവിന്റെ രാഷ്ട്രീയത്തിന് മാനം കണ്ടെത്തുകയാണ് ഇക്കൂട്ടർ. ഇഷ്ടപ്പെട്ട ഭക്ഷണം തെരഞ്ഞെടുക്കുവാൻ പൗരനുള്ള അവകാശം ഹനിക്കുമാറ് നിയമനിർമാണം നടത്താനവർ ധൃതിപ്പെടുകയാണ്. ഒരു വിഭാഗം തങ്ങൾക്ക് ഇഷ്ടമുള്ള ആഹാരം തെരഞ്ഞെടുക്കുന്നത് മറ്റുള്ളവരെ ബാധിക്കാത്തിടത്തോളം അതിന്റെ ഉപയോഗത്തിന് നിരോധമേർപ്പെടുത്തതിനർഥമില്ലെന്ന സാമാന്യബോധം അവർക്കില്ലാതെ പോയി.

## ഭക്ഷണത്തിലെ ഇന്ത്യൻ പാരമ്പര്യം


ദർശനങ്ങളിലും വിശ്വാസങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും വൈവിധ്യങ്ങൾ നിലനിൽക്കുന്ന ഇന്ത്യയിൽ ഭാഷയിലും വേഷത്തിലും ആഹാരരീതികളിലുമെല്ലാം ഭിന്നമായ ശൈലികളുണ്ടെന്നത് സത്യമാണ്. എന്നാൽ അവയെല്ലാം ഉൾകൊള്ളാനുള്ള വിശാല മനസ്സുള്ളവരായിരുന്നു ഇന്ത്യക്കാർ. ഇഷ്ടമുള്ള വസ്ത്രവും ഭക്ഷണവും തെരഞ്ഞെടുക്കാനുള്ള പൗരന്റെ അവകാശങ്ങളെ പരസ്പരം മാനിച്ചിരുന്നു.

ജീവിതത്തിന്റെ ശരിയായ അർഥത്തെക്കുറിച്ച് തന്റേതായ നിഗമനത്തിലെത്തിച്ചേരുവാൻ ഒരു വിശ്വാസിക്ക് പൂർണ സ്വാതന്ത്ര്യം നൽകുന്ന, ആ സ്വാതന്ത്ര്യത്തെ ബഹുമാനിക്കുന്ന ഒരു മതവിശ്വാസമാണ് ഹൈന്ദവികത യെന്ന് വിശ്വാസിയായ മഹാത്മാഗാന്ധിയുടെ ജീവിതദർശനം നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്.

മഹാത്മാഗാന്ധിയുടെ മുസ്‌ലിം സുഹൃത്തിന്റ മകൻ ബലിപെരുന്നാൾ ദിനത്തിൽ ഗാന്ധി ആശ്രമം സന്ദർശിച്ച സംഭവം മനുഷ്യാവകാശ പ്രവർത്തകനായ അസ്ഗറലി എഞ്ചിനിയർ വിശദീകരിക്കുന്നുണ്ട്.

ബലിപെരുന്നാൾ മുസ്‌ലിം ആഘോഷ ദിനമായിരുന്നതിനാൽ സുഹൃത്തിന്റ മകന് വിളമ്പാൻ മാംസഭക്ഷണം പുറത്തുനിന്ന് വാങ്ങി കൊണ്ടുവരാൻ ഗാന്ധിജി നിർദേശം നൽകുകയായിരുന്നു. എന്നാൽ ആശ്രമത്തിലെ ചിട്ട അറിയാവുന്ന മുസ്‌ലിം യുവാവ് തനിക്ക് സസ്യാഹാരം മതിയെന്ന് നിർബന്ധം പിടിക്കുകയായിരുന്നു. അപരന്റെ വികാരത്തെ ബഹുമാനിക്കാനുള്ള കഴിവും സന്നദ്ധതയുമാണ് ഇരുവരിലും പ്രകടമായത്. ഇന്ത്യയുടെ ഭക്ഷണ രീതിയിലുമുള്ള വൈവിധ്യങ്ങൾ പരസ്പരം ഉൾകൊള്ളാൻ സർവരും തയ്യാറാകണമെന്ന രാഷ്ട്രപിതാവിന്റ ജീവിതസന്ദേശത്തിന് വിലങ്ങ് നിൽക്കുന്നവർ എന്തായാലും ഇന്ത്യൻ പൈതൃകത്തെ മാനിക്കുന്നവരല്ലെന്ന് ബോധ്യപ്പെടുകയാണ്.

ഹലാൽ വിവാദത്തിലൂടെ അത്തരം അസഹിഷ്ണുത പ്രകടിപ്പിക്കുന്നതിലൂടെ ഫാസിസ്റ്റുകൾ പശുരാഷ്ട്രീയത്തിന്റെ പിൻതുടർച്ച തേടുകയാണെന്ന് വ്യക്തം.



## ഹലാലിന്റ അർഥതലങ്ങൾ

ഇസ്‌ലാം സമഗ്രമായ ഒരു ജീവിതദർശനമാണ്. മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇസ്‌ലാമിക നിയമങ്ങൾ പാലിക്കാൻ ഒരു വിശ്വാസി ബാധ്യസ്ഥനാണ്.

മുശ്‌രിക്കുകളിൽപെട്ട ഒരാൾ സൽമാനുൽ ഫാരിസിയോട് പറഞ്ഞു: "നിങ്ങൾക്ക് നിങ്ങളുടെ നബിﷺ മലമൂത്ര വിസർജന മര്യാദകൾവരെ പഠിപ്പിച്ചുതന്നിട്ടുണ്ടല്ലോ!" സൽമാനുൽ ഫാരിസിؓ പറഞ്ഞു: "അതെ, മലമൂത്ര വിസർജനം നടത്തുമ്പോൾ ക്വിബ്‌ലക്ക് മുന്നിടുന്നതിൽനിന്നും വലതുകൈകൊണ്ടു വൃത്തിയാക്കുന്നതിൽനിന്നും വൃത്തിയാക്കാൻ എല്ലുകൾ ഉപയോഗിക്കുന്നതിൽനിന്നും മൂന്നെണ്ണത്തിൽ കുറവായ കല്ലുകൾകൊണ്ട് വൃത്തിയാക്കുന്നതിൽനിന്നും അവിടുന്ന് ഞങ്ങളെ വിലക്കിയിട്ടുണ്ട്" (മുസ്‌ലിം).

വിശ്വാസികളുടെ ജീവിതത്തിലെ സർവതലസ്പർശിയാണ് ഇസ്‌ലാമിക ദർശനമെന്ന് സാരം.

വിധിവിലക്കുകളെ വേർതിരിച്ചറിയാൻ ഉപയോഗിക്കുന്ന സാങ്കേതിക പദങ്ങളാണ് ഹലാലും (അനുവദനീയം) ഹറാമും (നിഷിദ്ധം). അല്ലാഹുവും പ്രവാചകനും അനുവദിച്ചതെന്തോ അത് ഹലാലും നിഷിദ്ധമാക്കിയതെന്തോ അത് ഹറാമുമാണ്. ക്വുർആൻ പറയുന്നു:

"പറയുക: അല്ലാഹു നിങ്ങൾക്ക് ഇറക്കിത്തന്ന ആഹാരത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? എന്നിട്ട് അതിൽ (ചിലത്) നിങ്ങൾ നിഷിദ്ധവും (വേറെ ചിലത്) അനുവദനീയവുമാക്കിയിരിക്കുന്നു. പറയുക: അല്ലാഹുവാണോ നിങ്ങൾക്ക് (അതിന്) അനുവാദം തന്നത്? അതല്ല, നിങ്ങൾ അല്ലാഹുവിന്റെ പേരിൽ കെട്ടിച്ചമയ്ക്കുകയാണോ?" (10:59).

ഇസ്‌ലാമികാദർശം സ്വീകരിച്ച ഒരാൾക്കും സ്വന്തം താൽപര്യമനുസരിച്ച് അനുവദനീയവും നിഷിദ്ധവും സ്വയം തീരുമാനിക്കുവാനുള്ള അവകാശമില്ല. അല്ലാഹു പറയുന്നു:

"നിങ്ങളുടെ നാവുകൾ വിശേഷിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇത് അനുവദനീയമാണ്, ഇത് നിഷിദ്ധമാണ് എന്നിങ്ങനെ കള്ളം പറയരുത്. നിങ്ങൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുകയത്രെ (അതിന്റെ ഫലം). അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുന്നവർ വിജയിക്കുകയില്ല; തീർച്ച" (ക്വുർആൻ 16:116).

ഉപകാരപ്രദമായ ഭക്ഷ്യവസ്തുക്കളാണ് അല്ലാഹു ഹലാലാക്കിയിരിക്കുന്നത്. നിഷിദ്ധമാക്കപ്പെട്ടവയുടെ പിന്നാലെ പോകൽ പൈശാചികമാണ്. അല്ലാഹു പറയുന്നു: "മനുഷ്യരേ, ഭൂമിയിലുള്ളതിൽനിന്ന് അനുവദനീയവും വിശിഷ്ടവുമായത് നിങ്ങൾ ഭക്ഷിച്ച് കൊള്ളുക. പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരാതിരിക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രു തന്നെയാകുന്നു" (ക്വുർആൻ 2:168).

ഹലാലായത് മാത്രമെ ഉപയോഗിക്കാവൂ എന്ന ഇസ്‌ലാമിന്റ കൽപന മാനവിക മൂല്യങ്ങളുടെ ഉദാത്തമായ സംസ്‌കൃതിയെ ബോധ്യപ്പെടുത്തുന്നവയാണ്. അന്യന്റെ ഉടമസ്ഥതയിലുള്ളതൊന്നും അവന്റ അനുവാദമില്ലാതെ ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്‌കർഷിക്കുമ്പോൾ അത് 'ഹറാം' എന്ന സാങ്കേതിക പദത്തിലൂടെ വ്യക്തമാക്കുന്നു. ഉടമസ്ഥൻ മനസ്സറിഞ്ഞ് കൊടുത്തതേ ഒരു വിശ്വാസിക്ക് ഹലാൽ (അനുവദനീയം) ആവുകയുള്ളൂ. മനസ്സറിഞ്ഞ് കൊടുക്കുന്നത് മദ്യം, പന്നിമാംസം പോലുള്ള നിഷിദ്ധമാക്കപ്പെട്ട വസ്തുക്കളാണെങ്കിൽ ഒരിക്കലും ഹലാൽ ആവുകയുമില്ല. മഹത്തായ ഇത്തരം നിയമസംഹിതകൾ അനുവർത്തിക്കുന്ന വിശ്വാസികൾക്കൊരിക്കലും അനർഹമായ സാമ്പത്തികാധീശത്വം നേടാനാവില്ല. സാമൂഹിക വിവേചനങ്ങൾക്ക് കൂട്ടുനിൽക്കാനുമാകില്ല. കച്ചവട രംഗങ്ങളിൽനിന്ന് തങ്ങളല്ലാത്തവരെ പുറം തള്ളാൻ കുതന്ത്രം മെനയാനാവില്ല. അന്യന്റെ കണ്ണുനീർ കണ്ടില്ലെന്ന് നടിക്കാനാവില്ല. ജാതിവിവേചനത്തിന്റെ മതിൽക്കെട്ടുകൾ പണിത് മുതലെടുക്കാൻ വിശ്വാസി സമൂഹത്തിനാവില്ല. രാജ്യത്തിനും സമൂഹത്തിനും ഭീഷണിയാകുംവിധം വഞ്ചനാപരമായ നിലപാടെടുക്കാനാകില്ല.

കാരണം അതീവ രഹസ്യ സ്വഭാവമുള്ളതാണെങ്കിൽ പോലും തങ്ങളുടെ ചെയ്തികളെ സദാ നിരീക്ഷിക്കുന്ന പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിന്റ മുന്നിൽ വിചാരണക്ക് വിധേയനാകേണ്ടവനാണ് താനെന്ന ബോധമാണ് വിശ്വാസിയെ നയിക്കുന്നത്. അനർഹമായത് സമ്പാദിക്കുകയോ അപരനെ (ഏത് മതക്കാരനായാലും) വേദനിപ്പിക്കുകയോ ചെയ്യുന്ന സമീപനം യഥാർഥ മുസ്‌ലിംകളിൽ നിന്നുണ്ടാവില്ല തന്നെ.

"നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു" (ക്വുർആൻ: 67:2).

അബൂതൻവീൽ
mail@nerpatham.com

ഹദീഥ് പാഠം



# പശ്ചാതാപത്തിന്റെ പ്രസക്തി

അനസി ﷺൽനിന്ന് നിവേദനം: "നബി ﷺ മരണാസന്നനായി കിടക്കുന്ന ഒരു യുവാവിന്റെ അടുക്കൽ ചെന്നു. അവിടുന്ന് അദ്ദേഹത്തോട് ചോദിച്ചു: 'എങ്ങനെയുണ്ട്?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, അല്ലാഹുവിൽ എനിക്ക് പ്രതീക്ഷയുണ്ട്. അതെ, എന്റെ പാപങ്ങളെക്കുറിച്ചോർക്കുമ്പോൾ എനിക്കു ഭയവും തോന്നുന്നു.' അപ്പോൾ നബി ﷺ പറഞ്ഞു: 'ഇത്തരമൊരവസരത്തിൽ ഈ രണ്ട് വികാരങ്ങൾ ഒരാളുടെ മനസ്സിൽ ഒരുമിച്ചുണ്ടായാൽ അല്ലാഹു അയാൾ പ്രതീക്ഷിക്കുന്നത് നൽകുകയും ഭയപ്പെടുന്നതിൽനിന്ന് രക്ഷപ്പെടുത്തുകയും ചെയ്യാതിരിക്കില്ല" (തിർമുദി, ഇബ്നുമാജ).

മനുഷ്യമനസ്സ് പ്രകൃത്യാ തിന്മകളോട് മൃദുസമീപനം പുലർത്തുന്നത് തന്നെയാണ്. അതിനാൽ തന്നെ ചില സാഹചര്യങ്ങളിൽ മനുഷ്യർ തെറ്റുകൾ ചെയ്തുപോകും. ദേഹേച്ഛകൾക്ക് അടിമപ്പെടാതെ, സ്രഷ്ടാവിന്റെ വിധിവിലക്കുകൾ അനുസിച്ച് മാത്രമെ എന്റെ ജീവിതം ഞാൻ ജീവിച്ചുതീർക്കുകയുള്ളൂ എന്ന് തീരുമാനിച്ച വ്യക്തിയിലും വാക്കിലോ പ്രവൃത്തിയിലോ തെറ്റുപറ്റിയേക്കാം. എന്നാൽ അതിൽ പശ്ചാത്തപിക്കുന്ന മനസ്സിന്റെ ഉടമകൾക്ക് രക്ഷയും അനുഗ്രഹങ്ങളും അല്ലാഹു നൽകുന്നതാണ്.

ചെയ്തുപോയ അബദ്ധങ്ങളെ ന്യായീകരിക്കുകയോ നിഷേധിക്കുകയോ ചെയ്താൽ ഒരുപക്ഷേ, താത്കാലിക വിജയം കണ്ടെത്താൻ സാധിച്ചേക്കാം. എന്നാൽ അത് ആ വ്യക്തിക്ക് അന്തിമവിജയം ലഭിക്കുന്നതിന് വിഘാതമായിരിക്കും. അഥവാ പാപം സംഭവിച്ചതിലുള്ള ഭയവും പശ്ചാത്താപ മനസ്സും ഇനി ഒരിക്കലും അതിലേക്ക് മടങ്ങില്ലെന്ന ബോധവും ഉള്ളതോടൊപ്പം അല്ലാഹുവിന്റെ കാരുണ്യത്തിൽ പ്രതീക്ഷ വെച്ചുപുലർത്തുന്ന ഒരാൾക്ക് വിചാരണനാളിൽ അല്ലാഹുവിന്റെ കാരുണ്യത്തിന് പാത്രമാവാൻ സാധിക്കുമെന്നാണ് പ്രവാചകാധ്യാപനങ്ങളിൽനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്.

പാപക്കറകൾ മൂലം മനസ്സു മലിനമാവാതെ നിലനിർത്താൻകൂടിയാണ് വിവിധ ആരാധനാ കർമങ്ങളെ അല്ലാഹു നിശ്ചയിച്ചിരിക്കുന്നത്. ദിവസവും അഞ്ചുനേരം നിർവഹിക്കുന്ന നിർബന്ധ നമസ്കാരങ്ങൾ, ആഴ്ചയിലൊരിക്കൽ ജുമുഅ, സകാത്ത്, നോമ്പ്, ഹജ്ജ് തുടങ്ങിയ ആരാധനകൾ പാപങ്ങൾ പൊറുത്ത് തരാനും ആത്മശുദ്ധീകര

ണത്തിനുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്.

ഒരു നമസ്കാരം മുതൽ അടുത്ത നമസ്കാരം വരെ, ജുമുഅ മുതൽ അടുത്ത ജുമുഅവരെ, റമദാൻ മുതൽ അടുത്ത റമദാൻവരെ അതിനിടയിൽ സംഭവിക്കുന്ന ചെറുപാപങ്ങൾ അല്ലാഹു പൊറുത്തുതരുമെന്ന് നബിﷺ പറഞ്ഞതായി കാണാം. 'സൽപ്രവൃത്തികൾ തിന്മകൾ പൊറുക്കപ്പെടാൻ' സഹായിക്കുന്നുവെന്ന് ക്വുർആൻ പറയുന്നതായും കാണാം.

എന്നാൽ വൻപാപങ്ങൾ ആരാധനാകർമങ്ങൾ കൊണ്ട് മാത്രം മായ്ക്കപ്പെടുകയില്ല. അവയിൽ നിന്നു ഖേദിച്ചു മടങ്ങൽ അനിവാര്യമാണ്. ശിഷ്ട ജീവിതത്തിൽ അവ ആവർത്തിക്കുകയില്ലെന്ന് ആത്മാർഥമായി തീരുമാനിക്കണം. വ്യക്തികളോടു ചെയ്ത തെറ്റുകൾക്ക് അവരോട് മാപ്പുചോദിക്കുകയും റബ്ബിനോട് പൊറുത്തുതരാൻ പ്രാർഥിക്കുകയും വേണം. കടബാധ്യകൾ കഴിയുമെങ്കിൽ കൊടുത്തു തീർക്കുകയോ പറഞ്ഞു പരിഹരിക്കുകയോ ചെയ്യണം. സകാത്ത് കൊടുക്കാൻ ബാധ്യതയുള്ളവർ ഓരോ വർഷവും അത് കൊടുത്തു വീട്ടണം. നിശ്ചിത ആരാധനാ കർമങ്ങൾ മാത്രമല്ല പാപമുക്തിക്കു കാരണമാകുന്നത്. തിന്മകളിൽ നിന്ന് കരുതിക്കൂട്ടി വിട്ടുനിൽക്കുക, മറ്റുള്ളവർക്ക് ദ്രോഹകരമാകുന്ന പ്രവൃത്തികൾ ചെയ്യാതിരിക്കുക, ജനസേവനത്തിൽ വ്യാപൃതരാവുക, പ്രാർഥനകളും പ്രകീർത്തനങ്ങളും വർധിപ്പിക്കുക തുടങ്ങിയ സൽഗുണങ്ങളും പാപങ്ങൾ പൊറുക്കപ്പെടാൻ കാരണങ്ങളാണ്.

ഇതിനെല്ലാം പുറമെ കരുണാവാരിധിയായ അല്ലാഹു തന്റെ സൃഷ്ടികളോട് ഏറെ ദയാലുവാണെന്ന വസ്തുതയും ഏറെ പ്രതീക്ഷക്ക് വകയുള്ളതാണ്. അല്ലാഹു പറയുന്നു: "നബിയേ, പറഞ്ഞുകൊടുക്കുക. സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചുപോയ എന്റെ ദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും" (ക്വുർആൻ 39:53).

ഇത്രയൊക്കെ ഇളവുകളും ആനുകൂല്യങ്ങളും പ്രതീക്ഷകളും നൽകിയിട്ടും പുറംതിരിഞ്ഞ് ധിക്കാരത്തോടെ ജീവിക്കുന്നവർക്കാണ് അല്ലാഹു കഠിനമായ ശിക്ഷയൊരുക്കിയിരിക്കുന്നത്. ഈ ശിക്ഷയെയാണ് മനുഷ്യൻ ഭയപ്പെടേണ്ടത്.

എത്ര ധൃതിയിൽ പോകുന്നവനായാലും ട്രാഫിക് ജംഗഷനിൽ തെളിയുന്ന ലൈറ്റിന്റെ നിർദേശമനുസരിക്കാതെ യാത്ര തുടർന്നാൽ അതിനുള്ള പിഴ സർവസാധാരണമാണല്ലോ. ഇതുപോലെ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർക്ക് പ്രപഞ്ചനാഥന്റെ വിലക്കുകളുടെ സിഗ്നലുകൾ നൽകിയിട്ടുണ്ട്. മനുഷ്യന്റെ ഇഹലോക വിജയത്തിനും പരലോക മോക്ഷത്തിനുമായി പരിഗണിക്കേണ്ട കൽപനകളും നൽകിയിട്ടുണ്ട്.

ഇത്തരം നിർദേശങ്ങളും കൽപനകളും മനസ്സിലാക്കി അതനുസരിച്ച് ജീവിക്കുന്നതിനിടയിൽ ഉണ്ടാകുന്ന അപാകതകൾക്ക് പശ്ചാത്താപമാണ് പ്രതിവിധി. മനുഷ്യകുലത്തിന്റെ ആദ്യമാതാപിതാക്കളിൽതന്നെ തെറ്റു സംഭവിച്ചതും അതിലവർ പശ്ചാത്തപിച്ചതും നമുക്ക് ഗുണപാഠം നൽകുന്ന സംഭവമാണ്.


"അവർ ഇരുവരും (ആദമും ഹവ്വയും) പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോടുതന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതന്നിട്ടില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയാവരുടെ കൂട്ടത്തിലായിരിക്കും" (ക്വുർആൻ 7:23).

യൂനുസ് നബിعليه السلام നീനവാ പ്രദേശത്ത് വളരെക്കാലം പ്രബോധനം ചെയ്തിട്ടും അന്നാട്ടുകാർ അദ്ദേഹത്തിൽ വിശ്വസിച്ചില്ല. അതിൽ കോപിഷ്ഠനായി അദ്ദേഹം നാടുവിട്ടു. യാത്രാമധ്യെ കപ്പലിൽ നിന്നും അദ്ദേഹം കടലിലേക്ക് എറിയപ്പെട്ടു. അദ്ദേഹത്തിന് തന്റെ തെറ്റ് ബോധ്യപ്പെട്ടു. അദ്ദേഹം കുറ്റം ഏറ്റുപറഞ്ഞ് അല്ലാഹുവിനോട് പ്രാർഥിച്ചു.

"ദുന്നൂനിനെ(യൂനുസിനെ)യും ഓർക്കുക. അദ്ദേഹം കുപിതനായി പോയിക്കളഞ്ഞ സന്ദർഭം. നാം ഒരിക്കലും അദ്ദേഹത്തിന് ഞെരുക്കമുണ്ടാക്കുകയില്ലെന്ന് അദ്ദേഹം വിചാരിച്ചു. അനന്തരം ഇരുട്ടുകൾക്കുള്ളിൽ നിന്നും അദ്ദേഹം വിളിച്ചു: നീയല്ലാതെ യാതൊരു ആരാധ്യനുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടുപോയിരിക്കുന്നു. അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും ദുഃഖത്തിൽനിന്ന് നാം അദ്ദേഹത്തെ രക്ഷപ്പെടുത്തുകയും ചെയ്തു. സത്യവിശ്വാസികളെ അങ്ങനെയാണ് നാം രക്ഷിക്കുക" (ക്വുർആൻ 21:87,88).

നബിﷺ പറഞ്ഞു: "തീർച്ചയായും ഒരുസത്യവിശ്വാസി തന്റെ പാപങ്ങളെ കാണുന്നത് തന്റെ മേൽ വീഴുമെന്ന് ഭയപ്പെടുന്ന ഒരു മലയുടെ താഴെ ഇരിക്കുന്ന ആളുടെ മനോഭാവത്തോടെയായിരിക്കും. എന്നാൽ, ദുർമാർഗി തന്റെ പാപങ്ങളെ മൂക്കിന്നടുത്തുകൂടി പാറിനടക്കുന്ന ഒരീച്ചയെപ്പോലെ നസ്സാരമായിട്ടേ കാണൂ..." (ബുഖാരി 6308).

ചുരുക്കത്തിൽ ചെയ്തു പോയ പാപത്തെയോർത്ത് ദുഃഖിക്കുകയും അതിൽ അല്ലാഹുവിനെ ഭയപ്പെടുകയും പൊറുത്ത് കിട്ടുന്നതിനുവേണ്ടി അവനോട് അർഥിക്കുകയും ചെയ്യുന്നത് അല്ലാഹുവിന്റെ നല്ലൊരു ദാസന്റെ അടയാളമാണ്. അവർക്ക് വിജയം പ്രതീക്ഷിക്കാം.




ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com

ലേഖനം

# പ്രവാചക ചര്യകളും മുസ്‌ലിംകളും

5

### പെൺമക്കളുടെ സംരക്ഷണം

അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്തിൽ പെട്ടതാണ് സന്താനസൗഭാഗ്യം. വിവാഹാനന്തരം ഒരു കുഞ്ഞിക്കാലു കാണാൻ കൊതിയില്ലാത്തവരായി ആരുമുണ്ടാകില്ല. ദാമ്പത്യജീവിതത്തിന്റെ ലക്ഷ്യങ്ങളിൽ പെട്ടതാണല്ലോ സന്താന ലബ്ധി എന്നത്. എന്നാൽ സന്താന സൗഭാഗ്യം അല്ലാഹുവിൽനിന്നുള്ള അനുഗ്രഹവും പരീക്ഷണവുമാണ്. ചിലർക്ക് വിവാഹം കഴിഞ്ഞ് നീണ്ട വർഷങ്ങൾക്കു ശേഷമാണ് മക്കളെന്ന സ്വപ്നം സാക്ഷാത്കൃതമാകുന്നതെങ്കിൽ ചിലർക്ക് വിവാഹം കഴിഞ്ഞ് കാലതാമസമില്ലാതെയും അത് നടക്കുന്നു. മഹാനായ ഇബ്‌റാഹീം നബി(عليه السلام) പോലും പരീക്ഷിക്കപ്പെട്ട

ഒരു വിഷയമാണിത്. ജീവിതത്തിന്റെ അവസാന കാലത്താണ് ഇബ്റാഹീം നബിﷺക്ക് ഇസ്മാഈൽ എന്ന കുഞ്ഞ് ജനിക്കുന്നത്. അതിനുവേണ്ടി ഇബ്റാഹീം നബിﷺ നിരന്തരം അല്ലാഹുവിനോട് പ്രാർഥിച്ചിരുന്നു.

അദ്ദേഹം പ്രാർഥിച്ചതായി അല്ലാഹു പറയുന്നു: "എന്റെ രക്ഷിതാവേ, സദ്വൃത്തരിൽ ഒരാളെ നീ എനിക്ക് (പുത്രനായി) പ്രദാനം ചെയ്യേണമേ" (37:100).

തൗഹീദിന്റെ പ്രബോധനത്തിൽ തന്നെ സഹായിക്കുവാനും ആ പ്രബോധനകൃത്യം തനിക്കുശേഷവും നിലനിറുത്തുവാനും കൊള്ളാവുന്ന സദ്വൃത്തരായ പിൻഗാമികൾ തനിക്കുണ്ടാകാൻ അദ്ദേഹം അതിയായി ആഗ്രഹിച്ചു. അദ്ദേഹം ഒട്ടും നിരാശനാകാതെ അതിനായി അല്ലാഹുവോടു പ്രാർഥിച്ചു. അല്ലാഹു അദ്ദേഹത്തിന്റെ പ്രാർഥന സ്വീകരിക്കുകയും ചെയ്തു.

അല്ലാഹു പറയുന്നു: "അപ്പോൾ, സഹനശീലനായ ഒരു ബാലനെക്കുറിച്ച് നാം അദ്ദേഹത്തിനു സന്തോഷവാർത്ത അറിയിച്ചു" (37:101).

മക്കൾ പരീക്ഷണമാണെന്നും അല്ലാഹു നമ്മെ ഓർമിപ്പിക്കുന്നുണ്ട്: "നിങ്ങളുടെ സ്വത്തുക്കളും നിങ്ങളുടെ സന്താനങ്ങളും ഒരു പരീക്ഷണമാണെന്നും അല്ലാഹുവിങ്കലാണ് മഹത്തായ പ്രതിഫലമുള്ളതെന്നും നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക" (8:28).

ഇമാം അഹ്മദ്ؒ റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീഥിൽ ഇപ്രകാരം കാണാം:

അബൂഹുറയ്റؓ നിവേദനം; നബിﷺ പറഞ്ഞു: "ഒരു സത്യവിശ്വാസിക്കും സത്യവിശ്വാസിനിക്കും തന്റെ ശരീരത്തിലും സമ്പത്തിലും സന്തതികളിലും പരീക്ഷണമുണ്ടായിക്കൊണ്ടേയിരിക്കും. യാതൊരു തെറ്റും ഇല്ലാതെ അല്ലാഹുവിനെ അയാൾ കണ്ടുമുട്ടുന്നതുവരെ."

ഈ ഹദീഥിൽ കുടുംബത്തിന്റെ വിഷയം പ്രത്യേകം നബിﷺ സൂചിപ്പിച്ചത് ഏറെ ശ്രദ്ധേയമാണ്. കുഞ്ഞാണ് കുടുംബത്തിന്റെ തുടക്കം. കുഞ്ഞ് ജനിച്ചതു മുതൽ ഈ പരീക്ഷണം ആരംഭിക്കുകയായി. ആൺകുട്ടിയായാലും പെൺകുട്ടിയായാലും സന്തോഷത്തോടെയാണ് നമ്മൾ സ്വീകരിക്കേണ്ടത്. കാരണം, അല്ലാഹു പറയുന്നു:

"അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെയും പ്രദാനം ചെയ്യുന്നു. അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തി

**"എക്കാലത്തും ഏത് സമൂഹത്തിലും ആൺകുട്ടി ജനിച്ചാൽ മാതാപിതാക്കൾക്ക് വലിയ സന്തോഷമാണ്. തങ്ങൾക്ക് ഒരു കുഞ്ഞ് പിറന്നാൽ കുട്ടിയുടെ മാതാപിതാക്കൾ അക്കാര്യം സാമൂഹ്യമാധ്യമങ്ങളിലൂടെ വലിയ സന്തോഷത്തോടെ പങ്കുവയ്ക്കുന്ന കാലമാണിത്. എന്നാൽ പിറന്നത് പെൺകുഞ്ഞാണെങ്കിൽ ചിലരെങ്കിലും അതിൽ നിരാശകാണിക്കുന്നവരും മറ്റുള്ളവരെ അറിയിക്കുന്നതിൽ താൽപര്യക്കുറവുള്ളവരുമാണെന്നത് വാസ്തവമാണ്. പെൺകുഞ്ഞ് പിറന്നാൽ വെറുപ്പോടെ കാണുക എന്നത് അറേബ്യയിലെ അജ്ഞാനകാലത്തെ ചിലരുടെ സ്വഭാവമായിരുന്നു."**

കൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവജ്ഞനും സർവശക്തനുമാകുന്നു" (42:49,50).

എക്കാലത്തും ഏത് സമൂഹത്തിലും ആൺകുട്ടി ജനിച്ചാൽ മാതാപിതാക്കൾക്ക് വലിയ സന്തോഷമാണ്. തങ്ങൾക്ക് ഒരു കുഞ്ഞ് പിറന്നാൽ കുട്ടിയുടെ മാതാപിതാക്കൾ അക്കാര്യം സാമൂഹ്യമാധ്യമങ്ങളിലൂടെ വലിയ സന്തോഷത്തോടെ പങ്കുവയ്ക്കുന്ന കാലമാണിത്. എന്നാൽ പിറന്നത് പെൺകുഞ്ഞാണെങ്കിൽ ചിലരെങ്കിലും അതിൽ നിരാശകാണിക്കുന്നവരും മറ്റുള്ളവരെ അറിയിക്കുന്നതിൽ താൽപര്യക്കുറവുള്ളവരുമാണെന്നത് വാസ്തവമാണ്. പെൺകുഞ്ഞ് പിറന്നാൽ വെറുപ്പോടെ കാണുക എന്നത് അറേബ്യയിലെ അജ്ഞാനകാലത്തെ ചിലരുടെ സ്വഭാവമായിരുന്നു.

അല്ലാഹു പറയുന്നു: "അവരിൽ ഒരാൾക്ക് ഒരു പെൺകുഞ്ഞുണ്ടായ സന്തോഷവാർത്ത നൽകപ്പെട്ടാൽ കോപാകുലനായിട്ട് അവന്റെ മുഖം കറുത്തിരുണ്ട് പോകുന്നു. അവന്ന് സന്തോഷവാർത്ത നൽകപ്പെട്ട ആ

കാര്യത്തിലുള്ള അപമാനത്താൽ ആളുകളിൽനിന്ന് അവൻ ഒളിച്ച് കളയുന്നു. അപമാനത്തോടെ അതിനെ വെച്ചുകൊണ്ടിരിക്കണമോ, അതല്ല അതിനെ മണ്ണിൽ കുഴിച്ചുമൂടണമോ (എന്നതായിരിക്കും അവന്റെ ചിന്ത). ശ്രദ്ധിക്കുക; അവർ എടുക്കുന്ന തീരുമാനം എത്ര മോശം!" (16:58,59).

എന്നാൽ പെൺകുട്ടികൾക്ക് ഇസ്‌ലാം നൽകുന്ന സ്ഥാനം വളരെ വലുതാണ്. ചില നബിവചനങ്ങൾ കാണുക:

അനസ് ഇബ്നുമാലിക് ﷺ നിവേദനം; നബി ﷺ പറഞ്ഞു: "രണ്ട് പെൺകുട്ടികളെ അവർക്ക് പ്രായപൂർത്തി എത്തുന്നതുവരെ ആരെങ്കിലും സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്താൽ, ഞാനും അവനും അന്ത്യനാളിൽ ഇപ്രകാരം വരുന്നതാണ്-നബി ﷺ വിരലുകൾ ചേർത്തു പിടിച്ചു" (മുസ്‌ലിം).

ആഇശ ﷺ നിവേദനം, നബി ﷺ പറഞ്ഞു: "പെൺമക്കളാൽ പരീക്ഷിക്കപ്പെടുന്നവൻ (രക്ഷിതാവ്) അവരെ നല്ലനിലയിൽ വളർത്തിയാൽ അവർ അവന് നരകത്തിൽനിന്ന് മറയായിത്തീരും" (ബുഖാരി, മുസ്‌ലിം).

പെൺകുട്ടികൾ പിറന്നാൽ സന്തോഷിക്കുകയാണ് സത്യവിശ്വാസികൾ ചെയ്യേണ്ടത്; ദുഃഖിക്കുകയല്ല എന്ന് സാരം.

## കുടുംബത്തിലേക്ക് ചെല്ലുമ്പോൾ മുഖപ്രസന്നതയുണ്ടാവുക

ബഹുഭൂരിഭാഗം വീടുകളിലും പുരുഷന്മാർ ജോലിക്ക് പുറത്ത് പോവുകയും സ്ത്രീകൾ വീട്ടുജോലികളിൽ വ്യാപൃതരായി ജീവിക്കുകയും ചെയ്യുന്ന ഒരു അവസ്ഥയാണ് നമ്മുടെ നാടുകളിലൊക്കെയുള്ളത്. കുടുംബ ജീവിതത്തിൽ സന്തോഷവും സമാധാനവും നിലനിൽക്കുക പരസ്പര സ്നേഹത്തിലും സഹകരണത്തിലും നല്ലപെരുമാറ്റത്തിലും കൂടിയാണ്. ഇണകൾക്ക് പരസ്പരം താങ്ങും തണലുമായി മാറുവാൻ സാധിക്കണം. എന്നാൽ മിക്ക കുടുംബത്തിലും ഇതിനു നേർവിപരീതമാണ് സംഭവിക്കുന്നത്.

ജോലി കഴിഞ്ഞ് ക്ഷീണിതനായി വരുന്ന ഭർത്താവും പകലന്തിയോളം വീട്ടുജോലി ചെയ്ത് തളർന്ന ഭാര്യയും! വൈകുന്നേരം ഭർത്താവ് വീട്ടിലേക്ക് വരുമ്പോൾ ക്ഷീണിതനായ ഭർത്താവിന് ഭാര്യയുടെ പരാതിയും പരിഭവവും കേൾക്കാനുള്ള അവസ്ഥയുണ്ടായിരിക്കില്ല. ക്ഷീണിച്ചവശയായ ഭാര്യയ്ക്കാകട്ടെ ഭർത്താവിന്റെ എല്ലാ കാര്യങ്ങളിലും വേണ്ടപോലെ ശ്രദ്ധിക്കാനും കഴിയില്ല. ഇത്തരം കുടുംബജീവിതത്തിൽ സന്തോഷവും സമാധാനവും വെറും സ്വപ്നം മാത്രമായിരിക്കും. എന്നാൽ ഒന്നു ശ്രമിച്ചാൽ ഈ അവസരത്തിലും സന്തോഷം നിലനിർത്താൻ സാധിക്കും.

കുടുംബ ജീവിതത്തിന്റെ നിഖില മേഖലകളിലും ഇസ്‌ലാം കൊണ്ടുവന്നാൽ ജീവിതം സന്തുഷ്ടമാകും. അതിൽപെട്ട ഒന്നാണ് ജോലി കഴിഞ്ഞ് ക്ഷീണിച്ച് വരുന്ന ഭർത്താവ് വീട്ടുജോലിയിൽ മുഴുകി ക്ഷീണിച്ചവശയായ ഭാര്യയെ കാണുമ്പോൾ പ്രസന്ന വദനനായി വീട്ടിൽ പ്രവേശിക്കുക എന്നത്. അതുപോലെ പുഞ്ചിരിയോടെ ഭാര്യ ഭർത്താവിനെയും സ്വീകരിക്കണം. എല്ലാ ക്ഷീണവും മറക്കാനും ബന്ധം സുദൃഢമാക്കാനും ഇത് വലിയൊരു ഔഷധമാണ്.

വീട്ടിലേക്ക് മുഖം കനപ്പിച്ചും കറുപ്പിച്ചും ഗൗരവത്തിലും കയറിവരുമ്പോൾ അതു കാണുന്ന പ്രിയതമക്ക് എന്തു സന്തോഷമാണു ലഭിക്കുക? അങ്ങനെയുള്ള ഭാവത്തിൽ ഭർത്താവിനെ ഭാര്യ സ്വീകരിക്കുമ്പോൾ അയാളുടെ ക്ഷീണം വർധിക്കുകയല്ലേ ചെയ്യുക?

ആഇശ ﷺ നിവേദനം: "ഞാൻ നബി ﷺ യെ ഒരിക്കലും ഗൗരവത്തിലും ചെറുനാക്ക് കാണുംവിധം ചിരിക്കുന്നതായും കണ്ടിട്ടില്ല. തിരുമേനി ﷺ പുഞ്ചിരിക്കുക മാത്രമായിരുന്നു" (ബുഖാരി).

നബി ﷺ പറഞ്ഞു: "ഒരു നന്മയെയും നീ നിസ്സാരമായി കാണരുത്; നിന്റെ സഹോദരനെ പ്രസന്ന വദനത്തോടെ കണ്ടുമുട്ടുന്നതു പോലും" (മുസ്‌ലിം).

ജരീർ ﷺ പറയുന്നു: "കാണുമ്പോഴൊക്കെ നബി ﷺ എൻെറ മുഖത്തുനോക്കി പുഞ്ചിരിക്കുമായിരുന്നു" (ബുഖാരി).

അബ്ദുല്ലാഹിബ്നു ഹാരിസ് ﷺ പറയുന്നു: "അല്ലാഹുവിന്റെ ദൂതനെക്കാൾ കൂടുതൽ പുഞ്ചിരി തൂകുന്ന ഒരാളെയും ഞാൻ കണ്ടിട്ടില്ല" (തിർമിദി).

ഈ ഹദീഥുകളിൽനിന്നെല്ലാം വ്യക്തമാവുന്നത് പ്രവാചകൻ ﷺ എല്ലാവരോടും മുഖപ്രസന്നതയോടെയും പുഞ്ചിരിയോടെയുമാണ് പെരുമാറിയിരുന്നത് എന്നാണ്.

## സഹോദരനുവേണ്ടി പ്രാർഥിക്കൽ

പ്രയാസപ്പെടുന്നവരെ സഹായിക്കുക എന്നത് മുസ്‌ലിമിന്റെ ബാധ്യതയാണ്. പ്രാർഥിക്കുന്ന വിഷയത്തിൽപോലും ഈ പരിഗണന ആവശ്യമാണ്. ഒരു ഹദീഥ് കാണുക;

ഉമ്മുദ്ദർദാഇ(റ)ൽനിന്ന് നിവേദനം; നബി(ﷺ) പറഞ്ഞു: "ഒരു മുസ്‌ലിം തന്റെ സഹോദരനായ മുസ്‌ലിമിനുവേണ്ടി അവന്റെ അഭാവത്തിൽ നടത്തുന്ന പ്രാർഥന ഉത്തരം ലഭിക്കപ്പെടുന്നതാണ്. അയാളുടെ തല ഭാഗത്ത് ഏൽപിക്കപ്പെട്ട ഒരു മലക്ക് ഉണ്ട്. ഏതൊക്കെ സമയത്താണോ അവൻ തന്റെ സഹോദരന് വേണ്ടി പ്രാർഥിക്കുന്നത് അപ്പോഴെല്ലാം ഏൽപിക്കപ്പെട്ട മലക്ക് ആമീൻ പറയും. താങ്കൾക്കും പ്രാർഥിച്ചതുപോലുള്ളതുണ്ട് എന്നും പറയും" (മുസ്‌ലിം).

അല്ലാഹുവിന്റെ സത്യവിശ്വാസികളായ അടിമകളുടെ വിശേഷണമായി അല്ലാഹു പറഞ്ഞു: "...അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു"(59:10).

ഒരാൾ മറ്റൊരാൾക്കു വേണ്ടിയും, ജീവിച്ചിരിക്കുന്നവർ മരണപ്പെട്ടുപോയ സത്യവിശ്വാസിക്കു വേണ്ടിയും പ്രാർഥിക്കുന്നത് അല്ലാഹുവിങ്കൽനിന്ന് പ്രതിഫലം ലഭിക്കുന്ന സൽകർമമാണ്. അത് സജ്ജനങ്ങളുടെ ലക്ഷണവുമാണ്.

പ്രവാചകന്മാർ ഇപ്രകാരം പ്രാർഥിച്ചിരുന്നത് വിശുദ്ധ ക്വുർആൻ നമുക്ക് പരിചയപ്പെടുത്തി തരുന്നുണ്ട്. നൂഹ് നബി(عليه السلام) പ്രാർഥിച്ചു:

"എന്റെ രക്ഷിതാവേ, എന്റെ മാതാപിതാക്കൾക്കും എന്റെ വീട്ടിൽ വിശ്വാസിയായിക്കൊണ്ട് പ്രവേശിച്ചവന്നും സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും നീ പൊറുത്തുതരേണമേ. അക്രമകാരികൾക്ക് നാശമല്ലാതൊന്നും നീ വർധിപ്പിക്കരുതേ" (71:28).

ഇബ്‌റാഹീം നബി(عليه السلام)യുടെ പ്രാർഥന നോക്കൂ: "ഞങ്ങളുടെ രക്ഷിതാവേ, വിചാരണ നിലവിൽ വരുന്ന ദിവസം എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യവിശ്വാസികൾക്കും നീ പൊറുത്തുതരേണമേ" (14:41).

### ഒരുമിച്ച് തിന്നുമ്പോഴുള്ള മര്യാദ

ഈത്തപ്പഴം പോലുള്ള ഓരോന്നുവീതം പെറുക്കിയെടുത്ത് കഴിക്കുന്ന ആഹാര വസ്തുക്കൾ കുറെയാളുകൾ ഒന്നിച്ചിരുന്ന് കഴിക്കുമ്പോൾ കൈകൊണ്ട് ഒരുപിടി വാരിയെടുക്കുകയും കഴിക്കുകയും ചെയ്യുന്ന രീതി ശരിയല്ല.

ജബലത്തുബ്നു സുഹൈമി(റ)ൽനിന്ന് നിവേദനം: "ഞങ്ങൾ (കാരക്ക) തിന്നുകൊണ്ടിരിക്കെ ഞങ്ങളുടെ അടുക്കലൂടെ അബ്ദുല്ലാഹ് ഇബ്നു ഉമർ(റ) നടക്കുമായിരുന്നു. അപ്പോൾ അദ്ദേഹം പറയും: 'നിങ്ങൾ മുക്വാറന നടത്തരുത് (കാരക്ക പോലെ പെറുക്കിയെടുത്ത് തിന്നുന്നവ ഒന്നിലധികം എണ്ണം ഒന്നിച്ചെടുക്കലാണ് മുക്വാറന). കാരണം മുക്വാറന അല്ലാഹുവിന്റെ റസൂൽ(ﷺ) വിരോധിച്ചിരിക്കുന്നു.' ശേഷം അദ്ദേഹം പറയും: 'ഒരാൾ തന്റെ സഹോദരനോട് അനുവാദം ചോദിച്ചാലല്ലാതെ" (ബുഖാരി)

മുന്നിലുള്ള പാത്രത്തിൽനിന്ന് മറ്റുള്ളവരെ പരിഗണിക്കാതെ യഥേഷ്ടം വാരിയെടുത്ത് കഴിക്കുമ്പോൾ മറ്റുള്ളവർക്ക് കിട്ടാതിരിക്കുമല്ലോ. എന്നാൽ തന്റെ കൂടെയിരിക്കുന്നവർക്ക് ലഭിക്കുമോ എന്നത് പലരും പരിഗണിക്കാറില്ല. ഉള്ളത് അൽപമാണെങ്കിലും എല്ലാവർക്കും ലഭിക്കണം എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

### ഉറങ്ങുന്നതിനു മുമ്പ് വിരിപ്പ് മൂന്നുതവണ കുടയുക

നിലത്ത് പായ വിരിച്ചും മറ്റുമൊക്കെയായിരുന്നു പണ്ടുകാലങ്ങളിൽ മിക്കയാളുകളും കിടന്നുറങ്ങിയിരുന്നത്. ഇന്ന് അതെല്ലാം മാറി. കിടപ്പുമുറികളിലെ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിൽ ആരും പിറകിലല്ല. അത്യാധുനിക സൗകര്യങ്ങളാണ് മിക്ക വീടുകിലും ഇന്നുള്ളത്. ബെഡ്‌റൂമിലെ കിടക്കയിൽ വിരിച്ച വിരിപ്പ് മിക്കയാളുകളും ദിവസങ്ങൾ കൂടുമ്പോൾ മാത്രമാണ് മാറ്റാറുള്ളത്.

രാവിലെ വിരിപ്പിൽനിന്നും എഴുന്നേറ്റു പുറത്തുപോന്നാൽ നമ്മൾ രാത്രി അതിലേക്ക് പ്രവേശിക്കുന്നതുവരെ എന്തെങ്കിലും ക്ഷുദ്രജീവികൾ അതിൽ പ്രവേശിച്ചിട്ടുണ്ടോ എന്ന് നമുക്ക് അറിയില്ല. അതിനാൽതന്നെ വിരിപ്പിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് തന്റെ വിരിപ്പ് മൂന്നുതവണ കുടയാൻ നബി(ﷺ) കൽപിച്ചു.

അബൂഹുറയ്‌റ(റ) നിവേദനം; നബി(ﷺ) പറഞ്ഞു: "നിങ്ങളിലൊരാൾ തന്റെ വിരിപ്പണഞ്ഞാൽ അവൻ വിരിപ്പ് കുടയട്ടെ. കാരണം അതിന്മേൽ അവനു പിറകെ എന്താണുണ്ടായതെന്ന് അവനറിയുകയില്ല..." (ബുഖാരി)

ഇമാം ബുഖാരി റിപ്പോർട്ട് ചെയ്ത മറ്റുചില ഹദീഥുകളിൽ 'മൂന്ന് തവണ കുടയട്ടെ' എന്നുമുണ്ട്.

ഡോ. ടി.കെ യൂസുഫ്
tkyoosuf@hotmail.com

ലേഖനം




# ബാങ്ക് പലിശ അനുവദനീയമോ?

പലിശയുടെ ആരംഭം തൊട്ടുതന്നെ അത് അനുവദനീയമാണോ എന്ന ചോദ്യവും മനുഷ്യനെ അലട്ടിക്കൊണ്ടിരിക്കുന്നുണ്ട്. മത തത്ത്വങ്ങൾ ഇതിനെ നിഷിദ്ധമായി കാണുന്നു. ശുദ്ധമനഃസ്ഥിതിക്കാരിൽ ഈ ചൂഷണം മനഃസാക്ഷിക്കുത്തുണ്ടാക്കുന്നതാണ്. എന്നാൽ പലിശയിൽ അധിഷ്ഠിതമായ മൂലധന സിദ്ധാന്തത്തിന്റെ വളർച്ച കാരണം പലിശ അനുവദനീയമാക്കാനുള്ള ഒരു പ്രവണത ഇപ്പോൾ വർധിച്ചുവരുന്നതായി കാണുന്നുണ്ട്. പലിശ സമൂഹത്തിൽ ഉണ്ടാക്കുന്ന വിപരീത ഫലങ്ങൾ അറിയുന്ന സാമ്പത്തിക വിദഗ്ധർതന്നെ അതിനെ സംരക്ഷിക്കുന്നതിന് വേണ്ടി വലിയ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

പലിശയെക്കുറിച്ച് ഇതുവരെ നടത്തിയ ചർച്ചകളൊന്നും ലക്ഷ്യത്തിലെത്തിയിട്ടില്ല. കാരണം അവയെല്ലാം തന്നെ ഒന്നുകിൽ ഈ നീരാളിയുടെ പിടിയിലകപ്പെടുന്ന അധമർണന്റെയോ അല്ലെങ്കിൽ മൂലധനത്തിന്റെ ഉടമയായ ഉത്തമർണന്റെയോ ഭാഗം ചേർന്നിട്ടുള്ള ഒരു നിലപാടാണ് എടുക്കാറുള്ളത്. പലിശയെക്കുറിച്ച് ഇന്ന് ധാരാളം ചർച്ചകളും സെമനാറുകളും നടക്കുന്നതായി കാണാം. എന്നാൽ അവയെല്ലാം പലിശയുടെ രൂപത്തെക്കുറിച്ച് മാത്രം പ്രതിപാദിക്കുകയും, ഇസ്‌ലാം എന്തിന് പലിശ നിഷിദ്ധമാക്കി, മതപരമായി ഇപ്പോൾ അതിനെ അനുവദനീയമാക്കുന്ന വല്ല കാരണവും ഉണ്ടോ, എന്നീ ചോദ്യങ്ങൾ അവഗണിക്കുകയും ചെയ്യാറാണ് പതിവ്.

പലിശയെ മതപരമായി അനുവദനീയമായി കാണുന്നവർ അതിന് ചില നേട്ടങ്ങളും എടുത്ത് പറയാറുണ്ട്. എന്നാൽ മദ്യത്തിനും ചൂതാട്ടത്തിനും വ്യഭിചാരത്തിനുമെല്ലാം ഇത്തരത്തിലുള്ള ചില ഭൗതിക നേട്ടങ്ങൾ കാണാനാവും. ഗുണങ്ങളില്ലാത്ത് കൊണ്ടല്ല അതിനെക്കാൾ വലിയ തിന്മയും നാശവും ഉൾകൊള്ളുന്നത് കൊണ്ടാണല്ലോ ഇസ്‌ലാം മേൽപറഞ്ഞതിനെയൊക്കെ നിഷിദ്ധമാക്കിയിട്ടുളളത്. അതുകൊണ്ട് തന്നെ സാമ്പത്തിക രംഗത്ത് ഒട്ടേറെ ഭവിഷ്യത്തുകളുണ്ടാക്കുന്ന പലിശയെയും തീർത്തും വർജ്യമായി കാണേണ്ടതാണ്.

ഇന്ന് സാമ്പത്തികരംഗത്ത് പലിശ ഒരു അവിഭാജ്യഘടകമായതുകൊണ്ട് ആധുനിക വ്യവഹാരങ്ങളിൽ ഏർപ്പെടുന്നവന് അതിൽനിന്നും മോചിതനാവാൻ സാധ്യമല്ല എന്ന് പറയുന്നവരുടെ ന്യായം മൂലധനം ഉത്പാദനരംഗത്ത് നിക്ഷേപിച്ചതിന്റെ ലാഭവിഹിതമായണ് പലിശ എന്നാണ്. മൂലധനത്തിന്റെ വളർച്ച എന്ന തത്ത്വം ഇസ്‌ലാം അംഗീകരിക്കുന്നുണ്ട്. അതുകൊണ്ടാണ് സകാത്തിന്റെ ധനം വളർച്ചയുള്ളതാവണം എന്ന നിബന്ധന വെച്ചത്. അതുപോലെ ഉത്പാദന രംഗത്ത് മുതൽ മുടക്കിയവൻ ലാഭവിഹിതമെടുക്കുന്നതിനെയും ഇസ്‌ലാം എതിർക്കുന്നില്ല. എന്നാൽ ഉത്പാദനത്തിന് വേണ്ടി വായ്പ അനുവദിക്കുന്ന ബാങ്കുകളും ധനകാര്യസ്ഥപനങ്ങളും കടം കൊടുക്കുന്ന ധനത്തിന് സാങ്കൽപിക വളർച്ച കണക്കാക്കി പലിശ നിർബന്ധമാക്കുകയാണ് ചെയ്യുന്നത്. അതേസമയം ഇസ്‌ലാമിക ശരീഅത്ത് സമ്പത്തിന്റെ സാങ്കൽപിക വളർച്ച സാക്ഷാത്കരിപ്പെടുന്നതിലുള്ള സാധ്യത കുറയുന്നത് നിമിത്തം ലാഭവിഹിതം മുൻകൂട്ടി നിശ്ചിയിക്കുന്നത് അനുവദിക്കുന്നില്ല.

ഉദാഹരണത്തിലൂടെ വ്യക്തമാക്കാം: ഒരു സ്ത്രീ ഒരു പുരുഷനുമായി ബന്ധപ്പെട്ടാൽ കുഞ്ഞിന് ജന്മം നൽകൽ നിർബന്ധമായിട്ടാണ് ബാങ്കുകൾ കാണുന്നത്. കുഞ്ഞുങ്ങളുണ്ടാകാതിരിക്കാൻ ധാരാളം സാധ്യതകളുള്ളത് പോലെ ഒന്നിലധികം കുഞ്ഞുങ്ങളുണ്ടാകാനും ഇടയുണ്ട് എന്ന വീക്ഷണമാണ് ഇസ്‌ലാമിന്റേത്. മുൻകൂട്ടി ലാഭവിഹിതം ആവശ്യപ്പെടുന്നത് യുക്തിസഹമല്ലാത്തതുകൊണ്ട് ഉത്പാദനത്തിന്റെ തോത് അറിഞ്ഞതിന് ശേഷമെ ലാഭവിഹിതം ആവശ്യപ്പെടാൻ പാടുളളൂ. ഇസ്‌ലാം പലിശ അനുവദിക്കുന്നില്ല എന്നതുകൊണ്ട് മൂലധനത്തിന്റെ സാങ്കൽപിക വളർച്ച അംഗീകരിക്കുന്നില്ല എന്നർഥമില്ല. മറിച്ച് ലാഭ വിഹിതത്തിന്റെ ഓഹരി മുൻകൂട്ടി സങ്കൽപിച്ച് നിശ്ചയിക്കുന്നതാണ് ഇസ്‌ലാം എതിർക്കുന്നത്. കേവലം അനുമാനത്തെ മാത്രം അവലംബിച്ച് വളർച്ചയുടെ തോത് കൃത്യമായി തിട്ടപ്പെടുത്തൽ അസാധ്യമായിരിക്കുമല്ലോ.

**പലിശയെ മതപരമായി അനുവദനീയമായി കാണുന്നവർ അതിന് ചില നേട്ടങ്ങളും എടുത്ത് പറയാറുണ്ട്. എന്നാൽ മദ്യത്തിനും ചൂതാട്ടത്തിനും വ്യഭിചാരത്തിനുമെല്ലാം ഇത്തരത്തിലുള്ള ചില ഭൗതിക നേട്ടങ്ങൾ കാണാനാവും. ഗുണങ്ങളില്ലാത്ത് കൊണ്ടല്ല അതിനെക്കാൾ വലിയ തിന്മയും നാശവും ഉൾകൊള്ളുന്നത് കൊണ്ടാണല്ലോ ഇസ്‌ലാം മേൽപറഞ്ഞതിനെയൊക്കെ നിഷിദ്ധമാക്കിയിട്ടുളളത്. അതുകൊണ്ട് തന്നെ സാമ്പത്തിക രംഗത്ത് ഒട്ടേറെ ഭവിഷ്യത്തുകളുണ്ടാക്കുന്ന പലിശയെയും തീർത്തും വർജ്യമായി കാണേണ്ടതാണ്.**

പലിശയുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് സർവരാലും അംഗീകരിക്കപ്പെട്ട ചില കാര്യങ്ങൾ ഇവിടെ പരാമർശിക്കുകയാണ്.

1. പലിശ അധ്വാനമില്ലാത്ത ഒരു ധനസമ്പാദന മാർഗമാണ്.

2. സമൂഹത്തിലെ പല നല്ലഗുണങ്ങളെയും ഇത് നശിപ്പിക്കുകയും പരോപകാരത്തെ ഇല്ലാതാക്കുകയും ചെയ്യുന്നു.

3. കച്ചവടം, കൃഷി, തൊഴിൽ, വ്യവസായം എന്നീ സാമ്പത്തിക രംഗത്തെ അടിസ്ഥാന കാര്യങ്ങളിൽ നിന്നും ജനങ്ങളെ വ്യതിചലിപ്പിച്ച് നിഷ്ക്രിയരാക്കും.

4. ഉത്തമർണൻ കൂടുതൽ സമ്പന്നനാകുകയും അധമർണൻ പാപ്പരാകുകയും ചെയ്യും. പലിശ പലപ്പോഴും പാവപ്പെട്ടവനെയാണ് വേട്ടയാടാറുള്ളത്.

5. പലിശ തിന്നുന്നവനെ ജനം അവജ്ഞയോടെയാണ് വീക്ഷിക്കുക. എല്ലാ മതങ്ങളിലും സമുദായങ്ങളിലും ഇത് അനഭിലഷണീയമാണ്.

6. കടം വാങ്ങുന്നവന്റെ വ്യക്തിത്വത്തെയും സ്വാതന്ത്ര്യത്തെയും ഇത് ഹനിക്കുന്നു.

7. അധമ മാർഗത്തിലൂടെയുള്ള ധനസമ്പാദനം ആയതുകൊണ്ട് പലിശ വാങ്ങുന്നവന് മനഃസാക്ഷിയുടെ പീഡനവും ഏൽക്കേണ്ടിവരും.

8. പലിശ മനുഷ്യനെ കൂടുതൽ പിശുക്കനും പണക്കൊതിയനും സ്വാർഥനും അവസരവാദിയും ആക്കിമാറ്റും.

9. പാവപ്പെട്ടവനും പണക്കാരനും തമ്മിലുള്ള ഒരു പോരാട്ടത്തിന് ഇത് വഴിവെക്കും.

10. പലിശ രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യത്തെ ദുർബലപ്പെടുത്തുകയും ക്രിയാത്മകമായ വിദേശനയം നടപ്പിലാക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയും ചെയ്യും. പല സാമ്രാജ്യങ്ങളും തകർന്നതിൽ പലിശ ഗണ്യമായ പങ്കുവഹിച്ചിട്ടുണ്ട്.

മേൽപറഞ്ഞ കാരണങ്ങൾ കൊണ്ടാണ് ഇസ്‌ലാം പലിശ നിരോധിച്ചത് എന്ന് പൊതുവെ പറയപ്പെടാറുണ്ട്. അതുകൊണ്ട് തന്നെയാണ് ചില ബുദ്ധിജീവികൾ പ്രത്യക്ഷത്തിൽ ചൂഷണമായി തോന്നാത്ത ബാങ്ക് പലിശയെ അനുവദനീയമായി കാണുന്നത്. ബാങ്ക് പലിശ സാമ്പത്തികരംഗത്ത് ഉണ്ടാക്കുന്ന ദൂരവ്യാപക പ്രത്യാഘാതങ്ങളും പ്രത്യക്ഷത്തിൽ കാണാത്ത ചൂഷണങ്ങളും അവർ കണ്ടില്ലെന്ന് നടിക്കാറാണുള്ളത്.

ഇന്ന് പലിശയിടപാട് നടത്തുന്നത് കേവലം വ്യക്തികൾ മാത്രമല്ല, ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളുമാണ്. അത്തരം സ്ഥാപനങ്ങൾതന്നെ ദാരിദ്ര്യ നിർമാർജന രംഗത്തും ജീവകാരുണ്യ പ്രവർത്തനരംഗത്തും പങ്ക് വഹിക്കുന്നുമുണ്ട് എന്നാണ് പലിശയെ നിയമവിധേയമാക്കുന്നവർ വാദിക്കാറുള്ളത്. എന്നാൽ പലിശയിനത്തിൽ ലഭിക്കുന്ന വരുമാനത്തിന്റെ വളരെ ചെറിയ ഒരംശം മാത്രമെ അത്തരം സ്ഥാപനങ്ങൾ സാമൂഹ്യസേവനത്തിന് വേണ്ടി ചെലവിടുന്നുള്ളൂ. പലിശയിനത്തിൽ കിട്ടുന്ന പണം നല്ലകാര്യത്തിന് വിനിയോഗിക്കുന്നുണ്ട് എന്നതുകൊണ്ട് മാത്രം മതദൃഷ്ടിയിൽ അത് അനുവദനീയമാകുകയില്ല. അങ്ങനെയെങ്കിൽ വേശ്യാലയത്തിൽനിന്നും ലഭിക്കുന്ന വരുമാനം ജീവകാരുണ്യപ്രവർത്തനത്തിന് നീക്കിവെച്ച് വേശ്യാവൃത്തി അനുവദനീയമാക്കാനാകുമല്ലോ. സർക്കാറുകൾക്ക് ഒരു വരുമാന മാർഗമായി മദ്യം, വ്യഭിചാരം, ലോട്ടറി എന്നിവയെ കാണാനാവുമെങ്കിലും ഇസ്‌ലാമിക ശരീഅത്ത് അവയെ പാടെ നിരോധിക്കുകയാണ് ചെയ്യുന്നത്.

പലിശയിടപാടിൽ ഏർപ്പെടുന്ന ഒരു കക്ഷിക്ക് എപ്പോഴും ദോഷംവരാൻ ഇടയുണ്ടെന്നാണ് ക്വുർആൻ വചനത്തിൽനിന്നും ഗ്രഹിക്കാൻ കഴിയുന്നത്.

'നിങ്ങൾ പശ്ചാതപിച്ചാൽ നിങ്ങൾക്ക് മൂലധനമുണ്ട്. നിങ്ങൾ അക്രമം ചെയ്യരുത്, അക്രമിക്കപ്പെടുകയുമരുത്' (2:279).

വായ്പ വാങ്ങിയയവന് വൻലാഭം ലഭിക്കുകയാണെങ്കിൽ മുൻകൂട്ടി ലാഭവിഹിതം നിശ്ചയിച്ചത് നിമിത്തം ഉത്തമർണന് ശരിയായ പങ്ക് ലഭിക്കാതെ വരും. അതും ഒരർഥത്തിൽ അവനോടുള്ള അക്രമമാണല്ലോ.

വായ്പയെടുത്തവന് അമിതലാഭം ഉള്ള സന്ദർഭത്തിൽ അന്യായമായ പലിശയെ ന്യായീകരിക്കാൻ ആവുമെങ്കിലും അത് നാണയപ്പെരുപ്പം സൃഷ്ടിക്കാൻ ഇടയുള്ളതുകൊണ്ട് ആത്യന്തികമായി നിക്ഷേപകന് തന്നെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്. ചുരുക്കിപ്പറഞ്ഞാൽ പലിശ ഒരു ഇരുതലമൂർച്ചയുള്ള വാളായതുകൊണ്ട് മിക്കപ്പോഴും കടം വാങ്ങിയവനെ ബാധിക്കും പോലെ ചിലപ്പോൾ കടം കൊടുത്തവനും അപായം വരുത്താറുണ്ട്. പലിശ തിന്നുന്നവനെയും തീറ്റുന്നവനെയും എഴുതുന്നവനെയും സാക്ഷിനിൽക്കുന്നവനെയുമെല്ലാം പ്രവാചകൻ ﷺ ശപിച്ചത് ഇതുകൊണ്ടാണ്. കാരണം അവർക്കെല്ലാം ഈ സാമൂഹ്യവിപത്തിൽ ഒരുപോലെ പങ്കാളിത്തമുണ്ട്. പലിശ വാങ്ങാനും തിന്നാനും ആളുകൾ ഉള്ളത് കൊണ്ടാണ് അത് കൊടുക്കാനും തീറ്റിക്കാനും ആളുകൾ മുന്നോട്ട് വരുന്നത്.

നാൾക്കുനാൾ നാണയപ്പെരുപ്പം സംഭവിക്കുന്നതുകൊണ്ട് മുമ്പ് കടമായി നൽകിയ തുകയുടെ മൂല്യം അത് തിരിച്ചുനൽകുമ്പോൾ കുറയുന്നുണ്ട് എന്നാണ് പലിശയെ നീതീകരിക്കുന്നവരുടെ മറ്റൊരു വാദമുഖം. അങ്ങനെയാണെങ്കിൽ നാണയപ്പെരുപ്പത്തിന്റെ തോത് കണക്കാക്കിയാണല്ലോ

പലിശ നിശ്ചയിക്കേണ്ടത്. സാമ്പത്തിക രംഗത്തെ താളപ്പിഴ നിമിത്തം പൈസയുടെ മൂല്യം കൂടുകയാണെങ്കിൽ ഈ വാദക്കാർ എന്താണ് ചെയ്യുക?

നാം ബാങ്കിൽ നിക്ഷേപിക്കുന്ന പണത്തിന്റെ പലിശ വാങ്ങാതിരുന്നാൽ അത് കൂട്ടുപലിശയാകുകയും ചില മിഷനറി പ്രവർത്തകർ അത് സമാഹരിച്ച് ഇസ്‌ലാമിനെതിരെയുള്ള പ്രവർത്തനത്തിന് ഉപയോഗപ്പെടുത്തുകയും ചെയ്യുമെന്ന ഒരു ന്യായവും പലിശ വാങ്ങുന്നവർ പറയാറുണ്ട്. സത്യത്തിൽ നബിﷺയുടെ കാലത്ത് പലിശയുടെ വക്താക്കൾ എക്കാലത്തെയും പോലെ ജൂതന്മാരായിരുന്നു. അവർ ആ ധനം സ്വാഭാവികമായും ഇസ്‌ലാമിനെതിരെ ഉപയോഗപ്പെടുത്തുകയും ചെയ്തിരിക്കുമല്ലോ. ജൂത-ക്രൈസ്തവരുടെ പതിവ്രതകളായ സ്ത്രീകളെ മുസ്‌ലിംകൾക്ക് വിവാഹം കഴിക്കൽ അനുവദനീയമായി മാറുകയും മുസ്‌ലിം വനിതകൾ വേദക്കാർക്ക് നിയമവിധേയമാകാതിരിക്കുകയും ചെയ്തത് പോലെ പലിശയുടെ രംഗത്തും ഒരു നിലപാട് വേണമെങ്കിൽ പ്രവാചകന് സ്വീകരിക്കാമായിരുന്നുവല്ലോ. നബിﷺ അത് ചെയ്തില്ലെന്ന് മാത്രമല്ല ഈ ലോകത്തോട് വിടപറഞ്ഞപ്പോൾ തിരുമേനിയുടെ അങ്കി ഒരു ജൂതന്റെ അടുക്കൽ പണയം വെക്കപ്പെട്ടിരുന്നു എന്നതിൽ നിന്നും സാമ്പത്തിക ഇടപാട് രംഗത്ത് വർഗീയ വേർതിരിവുകൾ പാലിക്കേണ്ടതില്ലെന്ന് ഗ്രഹിക്കാനാകും. പലിശ ആർക്ക് കൊടുക്കുന്നു, അവർ അത് എന്തിന് ഉപയോഗപ്പെടുത്തുന്നു എന്നൊന്നും നബിﷺ അന്വേഷിച്ചിട്ടില്ല. പലിശയുടെ രംഗത്ത് ഒരു തരിപോലും പ്രവാചകൻ വിട്ടുവീഴ്ച ചെയ്തതായി കാണാൻ കഴിയില്ല.

ബാങ്കുകൾ ഉത്പാദനക്ഷമമായ സംരംഭങ്ങൾക്ക് നൽകിയ വായ്പയുടെ ലാഭവിഹിതമാണ് പലിശയായി ഈടാക്കുന്നത് എന്നാണ് പലിശയെ ഹലാലാക്കുന്നവരുടെ മറ്റൊരു ന്യായം. സത്യത്തിൽ ഇത്തരം ധനകാര്യസ്ഥാപനങ്ങൾ കച്ചവടം, കൃഷി, കാലിവളർത്തൽ തുടങ്ങി ഉത്പാദനക്ഷമമായ സംരംഭങ്ങൾക്ക് വായ്പ നൽകുന്നത് പോലെ വാഹനം, ഭവനനിർമാണം, ചികിത്സ തുടങ്ങിയ ഉപഭോഗങ്ങൾക്കും കടം കൊടുക്കുകയും പലിശ ഈടാക്കുകയും ചെയ്യുന്നുണ്ട്. വ്യയം ചെയ്യപ്പെടുന്ന വായ്പകളിൽ പലിശ ഈടാക്കുന്നത് അക്രമാണെന്ന് ഏവരും സമ്മതിക്കും. എന്നാൽ ഉത്പാദനക്ഷമമായ പദ്ധതികൾക്ക് വേണ്ടി വായ്പ എടുക്കുന്നവന്റെ മനസ്സിലും തീയായിരിക്കും. കാരണം കൃഷി, കച്ചവടം, കാലി വളർത്തൽ എന്നീ പദ്ധതികളും അങ്ങേയറ്റം പ്രതിസന്ധികൾ നിറഞ്ഞതാണ്. ലാഭത്തിന് സാധ്യതയുള്ളതിലേറെ നഷ്ടം വരാനും ഇതിൽ ഇടയുണ്ട്. ഭാഗ്യം തുണച്ചില്ലെങ്കിൽ വായ്പ വാങ്ങിയവന് മൂന്ന് നഷ്ടങ്ങൾ സംഭവിക്കാൻ സാധ്യതയുണ്ട്.



1. പദ്ധതിക്ക് വേണ്ടി ചെലവഴിച്ച മനുഷ്യ പ്രയത്നം.

2. വായ്പയായി വാങ്ങിയ മൂലധനം.

3. മുൻകൂട്ടി നിശ്ചയിച്ച പലിശയുടെ അടവ്.

വായ്പ നൽകിയവന് തന്റെ മൂലധനവും ലാഭവും ലഭിക്കുമെങ്കിലും കടം വാങ്ങിയവന് മേൽപറഞ്ഞ ചെലവുകളുടെ ഭാണ്ഡം പേറേണ്ടിവരും. ക്വുർആൻ വിശേഷിപ്പിച്ചത് പോലെ ഇതിനെ 'അക്രമം' എന്നല്ലാതെ മറ്റെന്താണ് വിശേഷിപ്പിക്കുക? നബിﷺ തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ പലിശ നിരോധിച്ചു കൊണ്ട് അവതരിച്ച ക്വുർആൻ വചനം പാരായണം ചെയ്യുകയും പലിശയുടെ എല്ലാ ഇനങ്ങളും തന്റെ കാൽകീഴിലാക്കി എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. പലിശയിൽ അനുവദനീയമായ ഒരിനം ഇല്ലെന്നാണ് ഈ സംഭവത്തിൽ നിന്നും ഗ്രഹിക്കാൻ കഴിയുന്നത്. തന്നെയുമല്ല കുറഞ്ഞപലിശ, അമിതപലിശ എന്നീ തരംതരിവുകളും ഇസ്‌ലാമിലില്ല. പലിശയിടപാട് നടത്തുന്നത് സമ്പന്നനോ ദരിദ്രനോ സംഘടനയോ എന്നീ വ്യത്യാസമൊന്നും പരിഗണിക്കാത്തതുപോലെ മൂലധനത്തിൽനിന്നും അമിതമായി വാങ്ങുന്നതിന് പലിശ എന്നല്ലാതെ മറ്റെന്ത് ഓമനപ്പേര് വിളിച്ചാലും അത് അനുവദനീയമാകുകയില്ല.

മതപരമായ വിലക്കുകളിൽ നിരോധിക്കപ്പെട്ട വസ്തുവിന്റെ ഉപദ്രവം മാത്രമല്ല കണക്കിലെടുക്കുന്നത്. മദ്യം അൽപം കഴിക്കുന്നതും അധികം കഴിക്കുന്നതും ആയുഷ്‌ക്കാലം മുഴുവൻ കഴിക്കുന്നതും നിഷിദ്ധം തന്നെയാണ്. അതുപോലെ പലിശയിടപാടിലും അൽപം, അധികം, അന്യായം, ന്യായം എന്നീ വേർതിരിവുകളൊന്നും ഇസ്‌ലാമിക പ്രമാണങ്ങളിൽ കാണുക സാധ്യമല്ല.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com





# അഹ്സാബ് യുദ്ധം

**മുഹമ്മദ് നബി ﷺ 49**

ബനുൽ മുസ്ത്വലക് യുദ്ധം കഴിഞ്ഞതിന് ശേഷം നടന്ന യുദ്ധമായിരുന്നു ഖന്തക് യുദ്ധം അഥവാ അഹ്സാബ് യുദ്ധം. ഈ യുദ്ധത്തിന് അഹ്സാബ് യുദ്ധം എന്നും ഖന്തക് യുദ്ധം എന്നും പേരുണ്ട്.

അറബികൾക്ക് മുമ്പ് പരിചയമില്ലാത്ത ഒരു യുദ്ധതന്ത്രം ശത്രുക്കളെ പ്രതിരോധിക്കുന്നതിന് വേണ്ടി മുസ്‌ലിംകൾ ഈ യുദ്ധത്തിൽ ഏർപ്പെടുത്തുകയുണ്ടായി. ശത്രുക്കൾ കടന്നുവരുന്ന ഭാഗത്ത് വളരെ വീതിയുള്ളതും ആഴം കൂടിയതുമായ കിടങ്ങ് മുസ്‌ലിംകൾ കുഴിക്കുകയുണ്ടായി. കിടങ്ങിന് അറബിയിൽ പറയുന്നത് 'ഖന്തക്' എന്നാണ്. അങ്ങനെയാണ് 'ഖന്തക് യുദ്ധം' എന്ന് ഈ യുദ്ധത്തിന് പേര് വന്നത്. വിശുദ്ധ ക്വുർആനിൽ 'അഹ്സാബ്' പേരിൽ ഒരു അധ്യായംതന്നെയുണ്ട്. 'സഖ്യകക്ഷികൾ' എന്നാണ് 'അഹ്സാബ്' എന്നതിന്റെ അർഥം. മുസ്‌ലിംകൾക്ക് എതിരിൽ യഹൂദികളും അറേബ്യൻ കാഫിറുകളും മുശ്‌രിക്കുകളും മറ്റു ഗോത്രങ്ങളും എല്ലാവരും ഉൾകൊള്ളുന്ന ഒരു വലിയ സഖ്യസേന രൂപംകൊണ്ടു. ഇങ്ങനെ ധാരാളം കക്ഷികൾ പങ്കെടുത്ത യുദ്ധമായതിനാലാണ് അഹ്സാബ് യുദ്ധം എന്നും ഇതിന് പേര് വന്നത്.

ഈ യുദ്ധം നടക്കാനുണ്ടായ സാഹചര്യം എന്തായിരുന്നു? മദീനയിൽനിന്നും ബനൂനദീർ ഗോത്രക്കാരായ ജൂതന്മാരെ പുറത്താക്കുകയുണ്ടായല്ലോ. അതിന്റെ രോഷം അവരുടെ മനസ്സിൽ ഒരു കുടിപ്പകയായി നിലകൊള്ളുന്നുണ്ടായിരുന്നു. അങ്ങനെ അവർ മുസ്‌ലിംകൾക്ക് എതിരിൽ തക്കം കിട്ടിയാൽ പോരാടാൻ തയ്യാറെടുത്ത് നിൽക്കുകയായിരുന്നു. അന്ന് മക്കയിൽ ഉണ്ടായിരുന്ന വ്യത്യസ്ത അറബ് ഗോത്രങ്ങൾക്കെല്ലാം മുസ്‌ലിംകളോട് ശത്രുതയും എതിർപ്പും ഉണ്ടായിരുന്നതിനാൽ യഹൂദികൾ അവരുടെ എക്കാലത്തെയും കുടിലതന്ത്രം പ്രയോഗിക്കാൻ തീരുമാനിച്ചു. അങ്ങനെ അവർ മക്കയിലേക്ക് എത്തി. അവിടെയുള്ള ഓരോ ഗോത്രക്കാരെയും അവർ കണ്ടു. അവരെ മുസ്‌ലിംകളോട് ഒരു യുദ്ധത്തിന് പ്രേരിപ്പിച്ചു. മക്കയിൽ നിന്നും നിങ്ങൾ ആട്ടിപ്പുറത്താക്കിയ മുഹമ്മദും കൂട്ടരും മദീനിയിൽ അടിക്കടി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അവരെ ഒതുക്കിയില്ലെങ്കിൽ നിങ്ങൾക്ക് മോശമല്ലേ? വാസ്തവത്തിൽ ഞങ്ങൾക്ക് മുഹമ്മദിനോടും കൂട്ടരോടും ഉള്ളതിനെക്കാൾ സ്നേഹം നിങ്ങളോടാണ്. മുഹമ്മദിന്റെയും അവന്റെ ആളുകളുടെയും എത്രയോ മുകളിലാണല്ലോ നിങ്ങൾ...! ഇങ്ങനെയെല്ലാം പറഞ്ഞ് യഹൂദികളുടെ നേതൃത്വത്തിൽ മുഴുവൻ അറബ് ഗോത്രങ്ങളെയും ഒരുമിച്ച് ചേർത്ത് ഒരു വലിയ സഖ്യ സൈന്യത്തെ രൂപപ്പെടുത്തി. അങ്ങനെ പതിനായിരത്തോളം വരുന്ന ഒരു വലിയ സൈന്യവുമായി അവർ മദീനയിലേക്ക് പുറപ്പെടുകയായി.

മദീനയിലേക്ക് ഒരു വലിയ സൈന്യം പുറപ്പെടുന്ന വിവരം നബിﷺ അറിഞ്ഞു. ഉടനെ അവിടുന്ന് പതിവുപോലെ എല്ലാവരുമായി കൂടിയാലോചന നടത്തി. പല രൂപത്തിലുള്ള ചർച്ചകളും അഭിപ്രായങ്ങളും വന്നു. പേർഷ്യക്കാരനായ സൽമാനുൽ ഫാരിസിؓ ആ കൂട്ടത്തിൽ ഉണ്ടായിരുന്നു. പേർഷ്യക്കാർക്ക് മാത്രം അറിയുന്നതും അറബികൾക്ക് ഇതുവരെ പരിചയമില്ലാത്തതുമായ ഒരു യുദ്ധതന്ത്രം അദ്ദേഹം നബിﷺയുമായി പങ്കുവെച്ചു. ശത്രുക്കൾ മദീനയിലേക്ക് പ്രവേശിക്കുന്ന ഭാഗങ്ങളിൽ അവരുടെ കുതിരകൾക്ക് പോലും ചാടിക്കടക്കാൻ സാധിക്കാത്ത വിധം ഒരു വലിയ കിടങ്ങ് കുഴിക്കാം എന്നതായിരുന്നു ആ തന്ത്രം. അതുപോലെ സ്ത്രീകളെയും കുട്ടികളെയുമെല്ലാം ഒരു സുരക്ഷിത സ്ഥാനത്തേക്ക് മാറ്റുവാനും തീരുമാനിച്ചു. അത് മുസ്‌ലിം സൈന്യത്തിന് ആശ്വാസം പകരുമല്ലോ. സൽമാനുൽ ഫിരിസിؓയുടെ അഭിപ്രായം സ്വീകരിക്കപ്പെട്ടു. അങ്ങനെ നബിﷺയുടെ നേതൃത്വത്തിൽ കിടങ്ങ് കുഴിക്കാൻ തുടങ്ങി. ശത്രുക്കൾ മദീനയിലേക്ക് പ്രവേശിക്കുന്ന ഭാഗങ്ങൾ ഏതെല്ലാമാണെന്ന് അവർ കണക്കുകൂട്ടി. ആ ഭാഗങ്ങൾ നബിﷺ പല സ്വഹാബിമാർക്കായി വിഹിതം വെച്ചു. എത്ര അളവിൽ കുഴിക്കണമെന്നും എങ്ങനെ കുഴിക്കണമെന്നുമെല്ലാം കൂടിയാലോചിച്ച് തീരുമാനിച്ചു. നബിﷺയും കിടങ്ങ് കുഴിക്കുന്നതിനായി ഒരു വിഹിതം ഏറ്റെടുത്തു.

ബറാഇؓൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: “നബിﷺ തന്റെ വയറ്റിൽ പൊടി പുരളുന്നത് വരെ ഖന്ദക് ദിവസം മണ്ണ് കുഴിച്ചിരുന്നു. അവിടുന്ന് പറയുന്നുണ്ട്: ‘അല്ലാഹുവാണ സത്യം, അല്ലാഹുവേ, നീ ഇല്ലായിരുന്നെങ്കിൽ ഞങ്ങൾ സന്മാർഗത്തിൽ ആകുമായിരുന്നില്ല. ഞങ്ങൾ ധർമം ചെയ്യുന്നവരോ നമസ്കരിക്കുന്നവരോ ആകുമായിരുന്നില്ല. അതിനാൽ (അല്ലാഹുവേ,) ഞങ്ങളിൽ നീ സമാധാനം ഇറക്കേണമേ. ഞങ്ങൾ (ശത്രുക്കളുമായി) കണ്ടുമുട്ടുന്ന നേരത്ത് ഞങ്ങളുടെ പാദങ്ങൾ നീ ഉറപ്പിക്കേണമേ. ഞങ്ങളുടെ നേരെ അതിക്രമം കാണിക്കുന്നവർ (ഞങ്ങളോട്) കുഴപ്പം ആഗ്രഹിച്ചാൽ ഞങ്ങൾ (അതിനോട്) വിസമ്മതിക്കുന്നതാണ്. ഞങ്ങൾ വിസമ്മതിക്കുന്നതാണ്, ഞങ്ങൾ വിസമ്മതിക്കുന്നതാണ്, ഇത് പറയുമ്പോൾ നബിﷺ ശബ്ദം ഉയർത്തുന്നുമുണ്ട്” (ബുഖാരി).

നബിﷺയും സ്വഹാബിമാരുടെ കൂടെ കിടങ്ങ് കുഴിക്കുകയാണ്. അദ്ദേഹത്തിന്റെ ദേഹത്ത് മണ്ണ് പുരണ്ടതുനിമിത്തം തൊലി കാണാൻ കഴിഞ്ഞിരുന്നില്ല. വളരെ പ്രതികൂല കാലാവസ്ഥയിലാണ് ഇത് നടക്കുന്നത്. കഠിനമായ തണുപ്പ്, ശക്തമായ കാറ്റ്, ദാരിദ്ര്യം മുതലായവ ഉള്ളതിനാൽ അവർ ഏറെ കഷ്ടതയിലും ക്ഷീണത്തിലുമായിരുന്നു. ഏത് സമയത്തും ശത്രുക്കൾ കടന്നാക്രമണം നടത്തുമെന്ന ഭീതിയും അവർക്ക് ഉണ്ട്. ആ സമയത്ത് അബ്ദുല്ലാഹ് ഇബ്നു റവാഹؓ മുമ്പ് പാടിയ ചില വരികൾ നബിﷺ പാടുന്നുണ്ടായിരുന്നു. ‘...ഞങ്ങളുടെ നേരെ അതിക്രമം കാണിക്കുന്നവർ (ഞങ്ങളോട്) കുഴപ്പം ആഗ്രഹിച്ചാൽ ഞങ്ങൾ (അതിനോട്) വിസമ്മതിക്കുന്നതാണ്...

ഇത് കേൾക്കുമ്പോൾ സ്വഹാബിമാർക്ക് കൂടുതൽ വീര്യവും ആവേശവും ലഭിക്കുന്നുണ്ടായിരുന്നു. ആവേശത്തിലായ മുഹാജിറുകളും അൻസ്വാറുകളുമാകുന്ന സ്വഹാബിമാരും ഇങ്ങനെ പാടി:

"ഞങ്ങൾ മുഹമ്മദ് നബിയോട് കരാർ ചെയ്തവരാണ്; ഞങ്ങൾ ബാക്കിയായിരിക്കുന്ന കാലം മുഴുവൻ ഇസ്‌ലാമിലായി (ജീവിച്ചിരിക്കുന്നതുമാണ്)."

ഇത് കേൾക്കുന്ന സമയത്ത് അവർക്ക് മറുപടിയായി നബിﷺയും തിരിച്ച് ഇപ്രകാരം പാടി:

"അല്ലാഹുവേ, പരലോകത്തെ നന്മയല്ലാത്ത ഒരു നന്മയും ഇല്ല. അതിനാൽ അൻസ്വാറുകളിലും മുഹാജിറുകളിലും നീ അനുഗ്രഹം ചൊരിയേണമേ..." (ബുഖാരി).

അല്ലാഹുവിന്റെ ദീനിന് വേണ്ടി പണിയെടുക്കാൻ ആവേശം ലഭിക്കുന്ന വിധത്തിൽ നബിﷺയും അനുചരന്മാരും ഈരടികൾ ചൊല്ലുകയാണ്. തണുപ്പേറിയ കാലാവസ്ഥയും വിശപ്പുമെല്ലാം അവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഈ സാഹചര്യത്തിലാണ് അല്ലാഹുവിന്റെ റസൂലിﷺലൂടെ അല്ലാഹു മുഅ്ജിസത്ത് (ദൈവിക ദൃഷ്ടാന്തം) പ്രകടമാക്കുന്നത്. ജാബിർ﵁ അതിനെ സംബന്ധിച്ച് വിവരിക്കുന്നത് കാണുക:

"ഞങ്ങൾ ഖന്തക് ദിവസം കുഴിയെടുക്കുകയാണ്. അങ്ങനെയിരിക്കെ ഒരു പാറക്കല്ല് പ്രത്യക്ഷപ്പെടുകയുണ്ടായി. അന്നേരം അവർ (സ്വഹാബിമാർ) നബിﷺയുടെ അടുത്ത് ചെന്നു. എന്നിട്ട് അവർ പറഞ്ഞു: 'കിടങ്ങിൽ ഒരു പാറക്കല്ല് പ്രകടമായിരിക്കുന്നു.' അപ്പോൾ അവിടുന്ന് പറഞ്ഞു: 'ഞാൻ ഇറങ്ങാം.' പിന്നീട് നബിﷺ എഴുന്നേറ്റു. അദ്ദേഹത്തിന്റെ വയറ്റിൽ കല്ലു(വെച്ച്)കൊണ്ട് കെട്ടിയിട്ടുണ്ടായിരുന്നു. മൂന്ന് ദിവസങ്ങളായി ഞങ്ങൾ ഒന്നും രുചിക്കാതെ കഴിച്ചുകൂട്ടുകയാണ്. എന്നിട്ട് നബിﷺ തന്റെ പിക്കാസ് എടുത്തു. എന്നിട്ട് (ആ പാറ അടിച്ചു) പൊട്ടിച്ചു. അങ്ങനെ അത് ഉതിർന്ന് ഒലിക്കുന്ന മണൽകൂനപോലെ ആയിമാറി. അപ്പോൾ ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, എനിക്ക് വീട്ടിലേക്ക് (പോകാൻ) അനുവാദം നൽകിയാലും.' അങ്ങനെ ഞാൻ എന്റെ ഭാര്യയോട് പറഞ്ഞു: 'ഞാൻ നബിﷺയിൽ (ഒരു) കാര്യം കണ്ടിരിക്കുന്നു. അതിൽ അവിടുത്തേക്ക് എന്ത് ക്ഷമയാണ്. നിന്റെ അടുത്ത് വല്ലതും ഉണ്ടോ?' അവർ പറഞ്ഞു: '(കുറച്ച്) ധാന്യവും ഒരു ചെറിയ ആടും ഉണ്ട്.' അവൾ ധാന്യം പൊടിക്കുകയും (എന്നിട്ട്) ഞങ്ങൾ ഇറച്ചി കലത്തിൽ ആക്കുകയും ചെയ്തു. പിന്നീട് ഞാൻ നബിﷺയെ സമീപിച്ചു. മാവ് പുളിക്കുന്നുണ്ടായിരുന്നു. (ഇറച്ചി ആക്കിയ) കലം അടുപ്പിൻ കല്ലിന്റെ ഇടയിലാണ്, അത് വേവാറുമായിട്ടുണ്ട്. അപ്പോൾ ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, നിങ്ങളും ഒന്നോ രണ്ടോ പേരും എഴുന്നേൽക്കൂ.' (റിപ്പോർട്ടർ അദ്ദേഹത്തോട്) ചോദിച്ചു: 'അത് എത്ര ആളുണ്ട്?' അപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു: 'കുറേ ആളുകളുണ്ട്.' നബിﷺ പറഞ്ഞു: 'നീ അവളോട് പറയുക; ഞാൻ എത്തുന്നതുവരെ റൊട്ടിയോ കലമോ അടുപ്പിൽനിന്നും ഇറക്കരുത്.' എന്നിട്ട് നബിﷺ പറഞ്ഞു: '(എല്ലാവരും) എഴുന്നേൽക്കൂ.' അങ്ങനെ മുഹാജിറുകളും അൻസ്വാറുകളും എഴുന്നേറ്റു. അങ്ങനെ അദ്ദേഹം ഭാര്യയുടെ അടുത്ത് ചെന്നപ്പോൾ അവർ പറഞ്ഞു: 'എന്താണിത്? നബിﷺ മുഹാജിറുകളെയും അൻസ്വാറുകളെയും ഒപ്പമുള്ളവരെയും കൊണ്ടുവന്നിട്ടുണ്ടല്ലോ.' അപ്പോൾ അവിടുന്ന് പറഞ്ഞു: 'തിരക്ക് കൂട്ടാതെ എല്ലാവരും പ്രവേശിക്കുവിൻ.' എന്നിട്ട് അവിടുന്ന് റൊട്ടി മുറിച്ചു. അതിൽ ഇറച്ചിയാക്കി. അടുപ്പിൽനിന്ന് കലം എടുത്താൽ അത് മൂടാൻ (കൽപിച്ചു). എന്നിട്ട് അത് തന്റെ സ്വഹാബിമാരിലേക്ക് അടുപ്പിച്ചു. വിളമ്പൽ തുടങ്ങി. അപ്പോഴും റൊട്ടി മുറിച്ചുകൊണ്ടേയിരിക്കുകയാണ്. അവരുടെ വയറ് നിറയുന്നതുവരെ അവർ വിളമ്പിക്കൊണ്ടിരിക്കുന്നുമുണ്ട്. അങ്ങനെ അത് ബാക്കിയായി. അവിടുന്ന് (അവളോട്) പറഞ്ഞു: 'കഴിച്ചേക്കുക. തീർച്ചയായും ആളുകൾ വിശപ്പ് ബാധിച്ചവരാകുന്നു" (ബുഖാരി).

സ്വഹാബിമാർ കിടങ്ങ് കുഴിക്കുന്ന നേരത്ത് വലിയ ഒരു പാറക്കല്ല് പ്രത്യക്ഷപ്പെട്ടു. അത് പൊട്ടിക്കാൻ അവരെക്കൊണ്ട് സാധിക്കുന്നില്ല. അവർ നബിﷺയെ സമീപിച്ചു. കാര്യം അവതരിപ്പിച്ചു. നബിﷺ അവിടെ വിശ്രമിച്ചിരിക്കുകയായിരുന്നു ആ നേരം. ഉടനെ അവിടുന്ന് എഴുന്നേറ്റു. എഴുന്നേൽക്കുന്ന സമയത്ത് സ്വഹാബിമാർ ഒരു വല്ലാത്ത കാഴ്ച കാണുകയുണ്ടായി. വിശപ്പ് അസഹ്യമായതിനെ തുടർന്ന് നബിﷺ തന്റെ വയറ്റത്ത് കല്ല് വെച്ച് കെട്ടിയിരിക്കുകയാണ്. നബിﷺയും സ്വഹാബിമാരും വിശപ്പിന്റെ കാഠിന്യത്താൽ നിവർന്ന് നിൽക്കാൻ പോലും കഴിയാതെയായിരുന്നു ആ ജോലി ചെയ്തിരുന്നത്. മൂന്ന് ദിവസമായി അവർ വല്ലതും കഴിച്ചിട്ട്. അത്ര വലിയ പട്ടിണിയുടെ കാലം. അങ്ങനെ ക്ഷീണത്താൽ ഇരിക്കുകയായിരുന്ന നബിﷺ ആ പാറക്കല്ല് പൊട്ടിക്കാനായി തന്റെ പിക്കാസ് എടുത്ത് കിടങ്ങിലേക്ക് ഇറങ്ങി. എന്നിട്ട് തന്റെ പിക്കാസ് കൊണ്ട് അതിൽ അടിച്ചു. അത് പൊട്ടി. അപ്പോൾ അത് ഉതിർന്നൊലിക്കുന്ന മണൽകൂന പോലെ ആയിത്തീർന്നു. അത് അല്ലാഹു പ്രവാചകനിലൂടെ വെളിവാക്കിയ ഒരു മുഅ്ജിസതായിരുന്നു. എല്ലാ

വരും ആഞ്ഞുകൊത്തിയിട്ടും പൊട്ടാത്ത ആ പാറക്കല്ല് നബിﷺ തന്റെ പിക്കാസ് കൊണ്ട് കൊത്തിയപ്പോൾ പൊട്ടി. വളരെ കുറച്ച് പേർക്ക് മാത്രം കഴിക്കാനുള്ള മാവും ഇറച്ചിയും മാത്രമാണ് ജാബിറിؓന്റെ വീട്ടിൽ ഉണ്ടായിരുന്നത്. എന്നാൽ മുസ്‌ലിം സൈന്യത്തിലെ മുഴുവൻ പേരും കഴിച്ച് വിശപ്പുമാറ്റിയിട്ടും പാത്രത്തിലുണ്ടായിരുന്ന ഭക്ഷണം അതേപോലെ ബാക്കിയാവുകയും ചെയ്തു. ഇതും അല്ലാഹു തന്റെ ദൂതരിലൂടെ പ്രകടമാക്കിയ ദൃഷ്ടാന്തമായിരുന്നു.

അല്ലാഹുവിന്റെ ദീനിന് വേണ്ടി എന്തുമാത്രം ത്യാഗമാണ് നബിﷺയും സ്വഹാബിമാരും സഹിച്ചത്! അവർ സ്വർഗം ആഗ്രഹിച്ച് അധ്വാനിച്ചു. നാം നമ്മുടെ കാര്യം ചിന്തിച്ചു നോക്കുക. വിശപ്പും ദാഹവും സഹിച്ച് അല്ലാഹുവിന്റെ ദീനിന് വേണ്ടി നാം എന്നെങ്കിലും എന്തെങ്കിലും ചെയ്തിട്ടുണ്ടോ? പ്രയാസമുള്ളിടത്തേക്ക് പോകാൻ നാം തയ്യാറാകുമോ? അത്തരം സന്ദർഭങ്ങളിൽ പല കാരണങ്ങൾ പറഞ്ഞ് ഒഴിഞ്ഞുമാറുകയല്ലേ നമ്മുടെ പ്രകൃതം?

ശത്രുക്കൾ വ്യത്യസ്ത കക്ഷികളാണല്ലോ. അവർക്കെല്ലാം വ്യത്യസ്ത ആദർശങ്ങൾ. പക്ഷേ, എല്ലാവരുടെയും ലക്ഷ്യം നബിﷺയെയും സ്വഹാബിമാരെയും നശിപ്പിക്കലാണ്. അതിനാൽതന്നെ മദീനയിൽ ഉണ്ടായിരുന്ന ബനൂക്വുറയ്ദ്വ ഗോത്രവും ഈ സമയത്ത് നബിﷺനോട് കരാർ ലംഘിച്ചു. ആ ഗോത്രക്കാർ മദീനയിലെ ഔസ് ഗോത്രക്കാരുമായി കരാറിലായിരുന്നു. ഈ കരാറുകൾ എല്ലാം ലംഘിച്ച് പ്രവാചകനോട് കടുത്ത വഞ്ചന കാണിച്ചു യഹൂദികൾ. അവരും ശത്രുക്കളുടെ സഖ്യ കക്ഷിയിൽ അംഗങ്ങളായി.

സത്യത്തിനെതിരിൽ എന്നും എല്ലാവരും ഒറ്റക്കെട്ടാണല്ലോ. ഖന്തക് യുദ്ധസമയത്ത് സത്യനിഷേധികളും മുശ്‌രിക്കുകളും മുനാഫിക്വുകളും യഹൂദികളും ചേർന്ന ഒരു മഹാസഖ്യമാണ് രൂപപ്പെട്ടിരിക്കുന്നത്. മുസ്‌ലിംകൾ വല്ലാത്ത അവസ്ഥയിലായി. മുസ്‌ലിംകളുടെ മനസ്സിൽ തെല്ലൊന്നുമല്ല ഇത് അമ്പരപ്പുണ്ടാക്കിയത്. ക്വുർആൻ അത് വിവരിക്കുന്നുണ്ട്:

"നിങ്ങളുടെ മുകൾ ഭാഗത്തുകൂടിയും നിങ്ങളുടെ താഴ്ഭാഗത്തുകൂടിയും അവർ നിങ്ങളുടെ അടുക്കൽ വന്ന സന്ദർഭം. ദൃഷ്ടികൾ തെന്നിപ്പോകുകയും ഹൃദയങ്ങൾ തൊണ്ടയിലെത്തുകയും നിങ്ങൾ അല്ലാഹുവെപ്പറ്റി പല ധാരണകളും ധരിച്ച് പോകുകയും ചെയ്തിരുന്ന സന്ദർഭം. അവിടെ വെച്ച് വിശ്വാസികൾ പരീക്ഷിക്കപ്പെടുകയും അവർ കിടുകിടെ വിറപ്പിക്കപ്പെടുകയും ചെയ്തു" (ക്വുർആൻ 33:10,11).

മദീനയുടെ കിഴക്ക് ഭാഗത്തുള്ള കുന്നിൻപ്രദേശങ്ങളിലൂടെയും പടിഞ്ഞാറ് പ്രദേശത്തുള്ള താഴ്‌വരയുള്ള ഭാഗങ്ങളിലൂടെയും ശത്രുക്കൾ മുസ്‌ലിംകൾക്കെതിരിൽ ഇരച്ചുകയറാൻ തയ്യാറെടുത്തു. അങ്ങനെ എല്ലാ ഭാഗത്തുനിന്നും അവർ മദീനയെ വലയം ചെയ്തു. അതോടെ മുസ്‌ലിംകൾ പേടിച്ച് അന്താളിച്ചവരായി. ആ ഭയത്തിന്റെ ശക്തിയാണ് അല്ലാഹു ഈ വചനങ്ങളിലൂടെ ഉണർത്തുന്നത്. അല്ലാഹുവിന് വിശ്വാസികളെ പെട്ടെന്ന് സഹായിച്ചാൽ മതിയല്ലോ; എന്തിന് ഇങ്ങനെ സഹായം വൈകിപ്പിക്കുന്നു? ഈമാനുള്ളവരെയും ഈമാനില്ലാത്തവരെയും വേർതിരിക്കുന്നതിനായി അല്ലാഹു നടത്തുന്ന ചില പരീക്ഷണങ്ങളാണ് ഇത്. അങ്ങനെ ഈമാനുള്ളവർ ഉറച്ചു നിൽക്കും. അല്ലാത്തവർ മാറി നിൽക്കും. അങ്ങനെ കടുത്ത പരീക്ഷണത്തിന് അവർ വിധേയരായി.

പരീക്ഷണം വന്നപ്പോൾ ഈമാനില്ലാത്തവർ ആരെന്ന് വെളിപ്പെടും വിധമായി പിന്നീട് കാര്യങ്ങൾ. കപടവിശ്വാസികൾ അല്ലാഹുവിനെയും റസൂലിനെയും പഴിക്കാൻ തുടങ്ങി. അവർ വിശ്വാസികളെ പേടിപ്പെടുത്തുന്ന രൂപത്തിൽ പലതും പറഞ്ഞുകൊണ്ടിരിക്കുന്നു.

"നമ്മോട് അല്ലാഹുവും അവന്റെ ദൂതനും വാഗ്ദാനം ചെയ്തത് വഞ്ചനമാത്രമാണെന്ന് കപടവിശ്വാസികളും ഹൃദയങ്ങളിൽ രോഗമുള്ളവരും പറയുകയും ചെയ്തിരുന്ന സന്ദർഭം. യഥ്‌രിബുകാരേ! നിങ്ങൾക്കു നിൽക്കക്കള്ളിയില്ല. അതിനാൽ നിങ്ങൾ മടങ്ങിക്കളയൂ. എന്ന് അവരിൽ ഒരു വിഭാഗം പറയുകയും ചെയ്ത സന്ദർഭം. ഞങ്ങളുടെ വീടുകൾ ഭദ്രതയില്ലാത്തതാകുന്നു എന്ന് പറഞ്ഞുകൊണ്ട് അവരിൽ ഒരു വിഭാഗം (യുദ്ധരംഗം വിട്ടുപോകാൻ) നബിയോട് അനുവാദം തേടുകയും ചെയ്യുന്നു. യഥാർഥത്തിൽ അവ ഭദ്രതയില്ലാത്തതല്ല. അവർ ഓടിക്കളയാൻ ഉദ്ദേശിക്കുന്നുവെന്ന് മാത്രം" (33:12,13).

മുനാഫിക്വുകളും ഹൃദയത്തിൽ രോഗമുള്ളവരും അല്ലാഹുവിനെയും റസൂലിനെയും ചീത്ത പറയുവാൻ തുടങ്ങി: മുഹമ്മദ് എന്തെല്ലാം മോഹിപ്പിച്ചാണ് നമ്മെ ഇങ്ങോട്ട് കൊണ്ടുവന്നത്! കിസ്‌റയും കൈസറും നമുക്ക് കീഴ്‌പെടും, റോമാ സാമ്രാജ്യം തകരും, നിങ്ങൾക്ക് എവിടെയും സ്വാതന്ത്ര്യം ഉണ്ടാകും, അല്ലാഹു നിങ്ങൾക്ക് വിജയം നൽകും, ഈമാനുണ്ടെങ്കിൽ അല്ലാഹു

വിന്റെ സഹായം ലഭിക്കും, നിങ്ങളെ പരാജയപ്പെടുത്താൻ ആരുമില്ല എന്നെല്ലാം പറഞ്ഞിരുന്നല്ലോ. എന്നാൽ നമുക്ക് പട്ടണിയും തണുപ്പും കാറ്റും എല്ലാമാണല്ലോ ഉള്ളത്. മുഹമ്മദ് നമ്മളോട് പറഞ്ഞതെല്ലാം വെറും വഞ്ചന മാത്രമാണ്. വ്യാമോഹങ്ങളാണ്. അതിനാൽ നമുക്ക് ഇവിടെനിന്നും രക്ഷപ്പെടാം... എന്നെല്ലാം അവർ പറയാൻ തുടങ്ങി.

മൂവായിരത്തോളം പേർ മാത്രമാണ് മുസ്‌ലിം സൈന്യത്തിലുള്ളത്. അതിൽ തന്നെ ഇങ്ങനെയുള്ള ഒരു സംഘവും. എന്നാൽ മറു ഭാഗത്ത് പതിനായിരങ്ങളാണ്. അവർക്കെല്ലാവർക്കും ഒരേ ലക്ഷ്യവും. എന്നാൽ ഈമാൻ ഉറച്ചവർ അതിലൊന്നും പതറിയില്ല. അവർ അല്ലാഹുവും റസൂലും നൽകിയ വാഗ്ദാനം സത്യം തന്നെയാണെന്ന് ഉറച്ച് വിശ്വസിച്ചു. ഈ പരീക്ഷണങ്ങളെല്ലാം അല്ലാഹുവിൽനിന്നാണെന്ന് മനസ്സിലാക്കി അല്ലാഹുവിനെയും റസൂലിനെയും കൂടുതൽ അനുസരിക്കുവാൻ മാത്രമാണ് വിശ്വാസികൾക്ക് ഇത് പ്രേരകമായത്. അങ്ങനെ അവരുടെ ഈമാൻ വർധിക്കുകയും ചെയ്തു. മുനാഫിഖുകൾ പറഞ്ഞ വാക്കിന് എതിരായാണ് അവർ പറഞ്ഞത്. അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനക്ക് കീഴ്പെടാൻ അവർ തയ്യാറാകുകയാണ് ചെയ്തത്. മുനാഫിഖുകളെ പോലെ പിന്തിരിയുവാനോ ഒളിച്ചോടുവാനോ അവർ തുനിഞ്ഞില്ല.

“സത്യവിശ്വാസികൾ സംഘടിതകക്ഷികളെ കണ്ടപ്പോൾ ഇപ്രകാരം പറഞ്ഞു: ഇത് അല്ലാഹുവും അവന്റെ ദൂതനും ഞങ്ങളോട് വാഗ്ദാനം ചെയ്തിട്ടുള്ളതാകുന്നു. അല്ലാഹുവും അവന്റെ ദൂതനും സത്യമാണ് പറഞ്ഞിട്ടുള്ളത്. അതവർക്ക് വിശ്വാസവും അർപ്പണവും വർധിപ്പിക്കുക മാത്രമേ ചെയ്തുള്ളൂ” (33:22).

കപടന്മാരുടെ നേതാവിന് മദീന എന്ന് പോലും പറയാൻ മനസ്സ് വരുന്നില്ല. അത്രയും രോഷവും പകയുമാണ് റസൂലിനോട് അവന് ഉണ്ടായിരുന്നത്. മദീനയുടെ പഴയ പേരായ യഥ്‌രിബ് ആണ് അവൻ ഉപയോഗിച്ചത്. ഇവിടെ നിന്നാൽ എല്ലാവരും നശിക്കും. നിങ്ങളും നിങ്ങളുടെ കുടുംബങ്ങളും നശിക്കും. അതിനാൽ വേഗം ഇവിടെനിന്നും സ്ഥലം വിടലാണ് നല്ലതെന്ന് അവൻ മദീനക്കാരോട് വിളംബരം ചെയ്തു.

ഹൃദയത്തിൽ കാപട്യമുള്ളവർ പതുക്കെ നബിﷺയെ സമീപിച്ച് യുദ്ധ രംഗത്തുനിന്ന് രക്ഷപ്പെടാനായി പല കാരണങ്ങൾ പറഞ്ഞ് അനുവാദം ചോദിക്കുന്നു. യഥാർഥത്തിൽ യുദ്ധ ഭൂമിയിൽനിന്ന് ഒളിച്ചോടാനുള്ള തന്ത്രമായിരുന്നു ഇത്.

“അതിന്റെ (മദീനയുടെ) വിവിധ ഭാഗങ്ങളിലൂടെ (ശത്രുക്കൾ) അവരുടെ അടുത്ത് കടന്നുചെല്ലുകയും എന്നിട്ട് (മുസ്‌ലിംകൾക്കെതിരിൽ) കുഴപ്പമുണ്ടാക്കാൻ അവരോട് ആവശ്യപ്പെടുകയുമാണെങ്കിൽ അവരത് ചെയ്തുകൊടുക്കുന്നതാണ്. അവരതിന് താമസം വരുത്തുകയുമില്ല; കുറച്ച് മാത്രമല്ലാതെ” (33:14).

ശത്രുക്കൾക്ക് മുസ്‌ലിംകളെ കുറിച്ചുള്ള വിവരങ്ങൾ ഒറ്റിക്കൊടുക്കാനും ഇക്കൂട്ടർ തയ്യാറായേക്കും. ജയിച്ചാൽ ഞങ്ങളെക്കൊണ്ടാണ് വിജയം ലഭിച്ചതെന്നും പരാജയപ്പെട്ടാൽ നബിﷺയെ കുറ്റപ്പെടുത്തുകയും ചെയ്യുന്നവരായിരുന്നു ഈ കപടന്മാർ.

“തങ്ങൾ പിന്തിരിഞ്ഞ് പോകുകയില്ലെന്ന് മുമ്പ് അവർ അല്ലാഹുവോട് ഉടമ്പടി ചെയ്തിട്ടുണ്ടായിരുന്നു. അല്ലാഹുവിന്റെ ഉടമ്പടി ചോദ്യം ചെയ്യപ്പെടുന്നതാണ്” (33:15).

മുമ്പ് ഉഹ്ദിൽനിന്ന് മദീനയിൽ എത്തിയതിന് ശേഷം നബിﷺയോട് ഇക്കൂട്ടർ ചില കാര്യങ്ങൾ സത്യം ചെയ്ത് പറഞ്ഞിരുന്നു; ഞങ്ങൾക്ക് ഒരു അബദ്ധം സംഭവിച്ചതാണെന്നും അല്ലാഹുവിന്റെ മാർഗത്തിൽ ഇനി ഒരു സമരത്തിന് അവസരം ലഭിച്ചാൽ ഞങ്ങൾ അതിൽനിന്ന് പിന്മാറുകയില്ല എന്നുമായിരുന്നു അത്.

പലരും പാത്തും പതുങ്ങിയും യുദ്ധ രംഗത്തുനിന്ന് പോയിത്തുടങ്ങി. ഇത് പ്രവാചകന്ന് പ്രയാസമുണ്ടാക്കുമല്ലോ. എന്നാൽ അല്ലാഹു നബിﷺയോട് പറയുന്നു:

“(നബിയേ,) പറയുക: മരണത്തിൽനിന്നോ കൊലയിൽനിന്നോ നിങ്ങൾ ഓടിക്കളയുകയാണെങ്കിൽ ആ ഓട്ടം നിങ്ങൾക്ക് പ്രയോജനപ്പെടുകയില്ല. അങ്ങനെ (ഓടിരക്ഷപ്പെട്ടാലും) അൽപമല്ലാതെ നിങ്ങൾക്ക് ജീവിതസുഖം നൽകപ്പെടുകയില്ല. പറയുക: അല്ലാഹു നിങ്ങൾക്ക് വല്ല ദോഷവും വരുത്താൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ അല്ലാഹുവിൽനിന്ന് നിങ്ങളെ കാത്തുരക്ഷിക്കാൻ ആരാണുള്ളത്? തങ്ങൾക്ക് അല്ലാഹുവിനു പുറമെ യാതൊരു രക്ഷാധികാരിയേയും സഹായിയേയും അവർ കണ്ടെത്തുകയില്ല” (33:16,17).

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 52, ഭാഗം 2

# അത്ത്വൂർ

(മക്കയിൽ അവതരിച്ചത്)

يَوْمَ تَمُورُ ٱلسَّمَآءُ مَوْرًا ﴿٩﴾
وَتَسِيرُ ٱلْجِبَالُ سَيْرًا ﴿١٠﴾
فَوَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿١١﴾
ٱلَّذِينَ هُمْ فِى خَوْضٍ يَلْعَبُونَ ﴿١٢﴾
يَوْمَ يُدَعُّونَ إِلَىٰ نَارِ جَهَنَّمَ دَعًّا ﴿١٣﴾
هَـٰذِهِ ٱلنَّارُ ٱلَّتِى كُنتُم بِهَا تُكَذِّبُونَ ﴿١٤﴾
أَفَسِحْرٌ هَـٰذَآ أَمْ أَنتُمْ لَا تُبْصِرُونَ ﴿١٥﴾
ٱصْلَوْهَا فَٱصْبِرُوٓا۟ أَوْ لَا تَصْبِرُوا۟ سَوَآءٌ
عَلَيْكُمْ إِنَّمَا تُجْزَوْنَ مَا كُنتُمْ تَعْمَلُونَ ﴿١٦﴾

9. ആകാശം ശക്തിയായി പ്രകമ്പനം കൊള്ളുന്ന ദിവസം.

10. പർവതങ്ങൾ (അവയുടെ സ്ഥാനങ്ങളിൽ നിന്ന്) നീങ്ങി സഞ്ചരിക്കുകയും ചെയ്യുന്ന ദിവസം.

11. അന്നേരം സത്യനിഷേധികൾക്കാകുന്നു നാശം.

12. അതായത് അനാവശ്യകാര്യങ്ങളിൽ മുഴുകി കളിച്ചുകൊണ്ടിരിക്കുന്നവർക്ക്.

13. അവർ നരകാഗ്നിയിലേക്ക് ശക്തിയായി പിടിച്ച് തള്ളപ്പെടുന്ന ദിവസം.

14. (അവരോട് പറയപ്പെടും:) ഇതത്രെ നിങ്ങൾ നിഷേധിച്ചുകളഞ്ഞിരുന്ന നരകം.

15. അപ്പോൾ ഇത് മായാജാലമാണോ? അതല്ല, നിങ്ങൾ കാണുന്നില്ലെന്നുണ്ടോ?

16. നിങ്ങൾ അതിൽ കടന്ന് എരിഞ്ഞുകൊള്ളുക. എന്നിട്ട് നിങ്ങളത് സഹിക്കുക. അല്ലെങ്കിൽ നിങ്ങൾ സഹിക്കാതിരിക്കുക. അത് രണ്ടും നിങ്ങൾക്ക് സമമാകുന്നു. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് മാത്രമാണ് നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നത്.

9). ശിക്ഷ സംഭവിക്കുന്ന ദിവസത്തെയാണ് തുടർന്ന് അല്ലാഹു വിശദീകരിക്കുന്നത്: (ആകാശം ശക്തിയായി പ്രകമ്പനം കൊള്ളുകയും) ആകാശം കറങ്ങുകയും കുലുങ്ങുകയും വിറച്ചുകൊണ്ടേയിരിക്കുകയും ചെയ്യും. അത് മേഘം സഞ്ചരിക്കുന്നതുപോലെ സഞ്ചരിക്കും. കടഞ്ഞെടുക്കപ്പെട്ട പഞ്ഞിപോലെ നിറം മാറും. ധൂളികളെപ്പോലെ അത് ചിതറും. ഇതെല്ലാം ആ ദിവ സത്തിന്റെ ഭയാനകതയാണ്. അപ്പോൾ എങ്ങനെയായിരിക്കും ദുർബലനായ മനുഷ്യൻ?

11). (അന്നേദിവസം സത്യനിഷേധികൾക്കാകുന്നു നാശം). നാശം എന്ന പദം എല്ലാ ശിക്ഷകൾക്കും ദുഃഖത്തിനും പീഡനത്തിനും ഭയത്തിനുമെല്ലാം ഉപയോഗിക്കുന്ന ഒരു സമ്പൂർണ പദമാണ്.

12). തുടർന്ന് നാശത്തിന് അർഹരായ നിഷേധികളുടെ പ്രത്യേകതകളാണ് പറയുന്നത്: (അതായത്, അനാവശ്യകാര്യങ്ങളിൽ മുഴുകി കളിച്ചുകൊണ്ടിരിക്കുന്നവർക്ക്) തെറ്റായ കാര്യങ്ങളിൽ മുഴുകുകയും അതിൽ കളിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവർ. അവരുടെ അറിവും ഗവേഷണങ്ങളുമെല്ലാം സത്യത്തെ നിഷേധി ക്കുവാനും അസത്യത്തെ സത്യപ്പെടുത്തുവാ നുമുള്ള ദോഷകരമായ അറിവിൽ മാത്രമാണ്. കളി, ബുദ്ധിശൂന്യത, അജ്ഞത എന്നിവയുടെ ആളുകളുടെ പ്രവൃത്തികളാണ് അവരും ചെയ്തുകൊണ്ടിരിക്കുന്നത്. ഈ പ്രവർത്തനങ്ങളും ഉപകാരപ്രദവുമായ വിജ്ഞാനങ്ങളും സ്വീകരിച്ചു വിശ്വാസത്തിന്റെയും സത്യത്തിന്റെയും ആളുകളിൽനിന്ന് അവർ വ്യത്യസ്തമായി.

(13,14). (അവർ നരകാഗ്നിയിലേക്ക് പിടിച്ച് തള്ളപ്പെടുന്ന ദിവസം) അതിലേക്കവർ ശക്തമായി തള്ളപ്പെടുന്ന ദിവസം. നിർദയം അവരെ അതിലേക്ക് ആട്ടിത്തെളിച്ചുകൊണ്ടുപോകുന്നു. മുഖങ്ങളിൽ വലിച്ചിഴച്ചും അവരെ ആക്ഷേപിച്ചുകൊണ്ടും അപമാനിച്ചുകൊണ്ടും പറയപ്പെടും: (ഇതത്രെ നിങ്ങൾ നിഷേധിച്ചുകളഞ്ഞിരുന്ന നരകം) വിശദീകരിക്കാൻ പറ്റാത്ത, അളവ് നിർണയിക്കാനാകാത്ത ശാശ്വത ശിക്ഷയിൽനിന്ന് നിങ്ങൾ അനുഭവിച്ചുകൊള്ളുക.

15). (അപ്പോൾ ഇത് മായാജാലമാണോ? അതല്ല നിങ്ങൾ കാണുന്നില്ലെന്നുണ്ടോ?) ഈ സൂചന ശിക്ഷയിലേക്കും നരകത്തിലേക്കുമാകാനാണ് സാധ്യത. വചനങ്ങളുടെ സന്ദർഭം അറി യിക്കുന്നതുപോലെ. അതായത് നരകവും ശിക്ഷയും കാണുമ്പോൾ അവരോട് പറയപ്പെടും. ആക്ഷേപിച്ചുകൊണ്ട്, ഇത് യാഥാർഥ്യമല്ലാത്ത ഒരു മായാജാലമാണോ? തീർച്ചയായും നിങ്ങളിത് കണ്ടില്ലേ? അതോ ദുനിയാവിലേതുപോലെ നിങ്ങൾ കാണുന്നില്ലെന്നുണ്ടോ? അതായത് നിങ്ങൾക്കിതിനെക്കുറിച്ച് യാതൊരു കാഴ്ചപ്പാടും അറിവും ഇല്ലെന്നാണോ? അതോ നിങ്ങളീ കാര്യത്തെക്കുറിച്ച് ഒരു തെളിവും കിട്ടാതെ അജ്ഞരായിരുന്നോ? ഉത്തരം രണ്ട് കാര്യങ്ങളെ നിരാകരിക്കുന്നു. ഒന്ന്, അത് മായാജാലമാവുക എന്നതിനെ. ഒരു നിലയ്ക്കും അത് മായാജാലമല്ലെന്നും അത് സത്യങ്ങളിൽവെച്ച് ഏറ്റവും വലിയ സത്യമാണെന്നും അവർക്ക് വ്യക്തമായി. രണ്ട്, അവർ കാണാതിരിക്കുന്നവരാണെന്നതിനെയും നിഷേധിക്കുന്നു. കാര്യം അതിന് വിപരീതമാണ്. അവർക്കെതിരെ അല്ലാഹുവിന്റെ തെളിവ് സ്ഥാപിക്കപ്പെട്ടിരിക്കുന്നു. പ്രവാചകന്മാർ ആ വിശ്വാസത്തിലേക്ക് അവരെ ക്ഷണിച്ചു. വ്യക്തവും തെളിവുള്ളതുമായ മഹത്തായൊരു കാര്യമാണതെന്ന് തെളിവിലൂടെ അവർ സ്ഥാപിച്ചു.

മറ്റൊരു വ്യാഖ്യാനം, 'അപ്പോൾ ഇത് മായാജാലമാണോ അതല്ല നിങ്ങൾ കാണുന്നില്ലെന്നുണ്ടോ?' എന്നതിലെ സൂചന ശരിയായ മാർഗത്തിൽനിന്നും വ്യക്തമായ സത്യവുമായി മുഹമ്മദ് നബിﷺ കൊണ്ടുവന്ന കാര്യങ്ങളാണെന്നാണ്. അതായത് ബുദ്ധിയുള്ള ആർക്കെങ്കിലും പറയാൻ കഴിയുമെന്ന് സങ്കൽപിക്കാനാവുമോ അത് മായാജാലമാണെന്ന്? അവരുടെ കാഴ്ചപ്പാടില്ലായ്മ മൂലമാണ് ഇവരീ പറഞ്ഞതെല്ലാം പറഞ്ഞത്.

16). (നിങ്ങളതിൽ കടന്നെരിഞ്ഞുകൊള്ളുക) നിങ്ങളെ വലയം ചെയ്യുന്നവിധം ശരീരം മുഴുവനായി ഹൃദയങ്ങളിലേക്ക് ആളിപ്പടർന്ന് അതിൽ നിങ്ങൾ പ്രവേശിച്ചുകൊള്ളുക. (എന്നിട്ട് നിങ്ങളത് സഹിക്കുക അല്ലെങ്കിൽ നിങ്ങൾ സഹിക്കാതിരിക്കുക. അത് രണ്ടും നിങ്ങൾക്ക് സമമാകുന്നു) നരകത്തെ സഹിക്കുന്നതുകൊണ്ട് നിങ്ങൾക്ക് പ്രത്യേക പ്രയോജനമൊന്നുമില്ല. നിങ്ങൾ പരസ്പരം സങ്കടപ്പെട്ടതുകൊണ്ട് ശിക്ഷ നിങ്ങൾക്ക് ലഘൂകരിക്കപ്പെടുകയില്ല. അടിമ ക്ഷമിക്കുന്നതുകൊണ്ട് നരകത്തിലെ കഷ്ടപ്പാടുകൾ കുറയുകയോ പ്രയാസങ്ങൾ നീങ്ങുകയോ ഇല്ല. അവരുടെ ചീത്ത പ്രവൃത്തികളും ചെയ്തുകൂട്ടിയവയുമാണ് അവരിതനുഭവിക്കാൻ കാരണം. അതാണ് പറയുന്നത്: (നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് മാത്രമാണ് നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നത്).




കവിത

# എന്റെ മതം

സുലൈമാൻ പെരുമുക്ക്
mail@nerpatham.com

എന്തു തിന്നണം?
ഞാൻ എന്തു കുടിക്കണം?
എന്ത് ഉടുക്കണം?
ഞാൻ എങ്ങനെയുറങ്ങണം?
എനിക്ക്
എല്ലാറ്റിലും
എന്റെതായ മതമുണ്ട്.
അതെ, എനിക്ക്
എന്റെ അഭിപ്രായമുണ്ട്.
എന്റെ മതം
പറയുന്നതൊന്നും
മറ്റുള്ളവർക്ക്
ഉപദ്രവകരമായതല്ല.
എന്റെ ഇഷ്ടങ്ങളൊന്നും
ആരുടെയും കഷ്ടമല്ല,
ആരുടെയും കഷ്ടം
എന്റെ ഇഷ്ടങ്ങളുമല്ല.
ആരുടെ ഇഷ്ടത്തിലും
ആരുടെ കഷ്ടത്തിലും
എന്റെ മതത്തിന്
കണ്ണുരുട്ടലില്ല,
വാളോങ്ങലില്ല.
എന്റെ ഇഷ്ടം
ആരിലും
അടിച്ചേൽപിക്കില്ല ഞാൻ
ആരെങ്കിലും
ഇഷ്ടം
അടിച്ചേൽപിച്ചാൽ
അതു വകവെക്കില്ല ഞാൻ.
എനിക്ക്
എന്റെ ഇഷ്ടം,
നിനക്കു നിന്റെ ഇഷ്ടം.
മതഭ്രാന്തിനോടു ഞാൻ
അടുത്തിരിക്കില്ല,
മതനിരാസ ഭ്രാന്തിനോടും
അടുത്തിരിക്കില്ല.
അതും വേണം
ഇതും വേണം,
വേണ്ടെങ്കിൽ ഒന്നും വേണ്ട
എന്നുള്ള പാട്ടിനോട്
എനിക്ക്
പുച്ഛമാണ്, പുച്ഛം!

മുസാഫിർ
mail@nerpatham.com

ആരോഗ്യപഥം

# ഡയാലിസിസ്



ശരീരത്തിലെ ജലത്തിന്റെയും ലവണങ്ങളുടെയും സന്തുലിതാവസ്ഥ നിലനിറുത്തുകയും മാലിന്യങ്ങൾ വിസർജിക്കുകയുമാണ് വൃക്കകളുടെ പ്രധാന ധർമം. ഒരു ദിവസം സുമാർ 1500 ലി. രക്തം വൃക്കളിലെത്തുന്നുണ്ട്. ഇത് ശരീരത്തിന്റെ മൊത്തം രക്തവ്യാപ്തത്തിന്റെ 350 ഇരട്ടിയാണ്. അതായത് ശരീരത്തിലെ മുഴുവൻ രക്തവും 24 മണിക്കൂറിനുള്ളിൽ 350 തവണ വൃക്കകളിലൂടെ ഒഴുകിപ്പോകുന്നു! ഈ രക്തത്തിൽനിന്ന് സോഡിയം, പൊട്ടാസിയം, കാൽസിയം, അമിനോ അമ്ലങ്ങൾ, ഗ്ലൂക്കോസ്, ജലം എന്നിവ വൃക്കകൾ പുനരാഗിരണം ചെയ്തശേഷം നൈട്രജനും (യൂറിയയുടെ രൂപത്തിൽ) അധിക ധാതുക്കളും, വിഷപദാർഥങ്ങൾ, ഔഷധങ്ങളുടെ അവശിഷ്ടങ്ങൾ എന്നിവയും വിസർജിച്ചു കളയുന്നു. വൃക്കകൾക്ക് തകരാറു സംഭവിക്കുകയാണെങ്കിൽ രക്തം ശുദ്ധീകരിക്കുന്ന പ്രക്രിയ നടക്കാതെ രക്തത്തിൻ മാലിന്യങ്ങളും യൂറിയയും അടിഞ്ഞുകൂടുന്നു. ഈ അവസ്ഥയിലാണ് ഡയാലിസിസ് ആവശ്യമായി വരുന്നത്.

രക്തശുദ്ധീകരണത്തിന് രണ്ടു വിധത്തിൽ ഡയാലിസിസ് നടത്താറുണ്ട്. 1940കളിൽ പ്രയോഗത്തിൽ വന്ന ഹീമോ ഡയാലിസിസ് (വമലാീറശമഹ്യശെ) ആണ് ഇതിൽ ഒന്ന്. ഈ പ്രക്രിയയിൽ രോഗിയുടെ രക്തധമനിയുമായി ഒരു കൃത്രിമ വൃക്ക ഘടിപ്പിക്കുന്നു. ഞരമ്പിനെ ധമനിയുമായി ബന്ധിപ്പിക്കുന്ന ഒരു കൃത്രിമ നാളി (ആർട്ടീരിയോ വീനസ് ഫിസ്റ്റുല) തുന്നിച്ചേർത്താണ് ഇതു സാധ്യമാക്കുന്നത്. വൃക്കയിലെത്തുന്ന രക്തം ഡയാലിസിസിനു വിധേയമാക്കിയശേഷം ശുദ്ധരക്തം മറ്റൊരു ധമനിയിലൂടെ ശരീരത്തിലേക്കു തിരികെ കടത്തിവിടുന്നു. കൃത്രിമ വൃക്കയിലുള്ള സവിശേഷമായ തനുസ്തരങ്ങളുടെ അനവധി പാളികളിലൂടെ അരിച്ചാണ് രക്തം ശുദ്ധീകരിക്കപ്പെടുന്നത്. ഏതാണ്ട് നാലു മണിക്കൂർ സമയമെടുക്കുന്ന ഈ പ്രക്രിയ ആഴ്ചയിൽ രണ്ടു തവണ ആവർത്തിക്കേതുണ്ട്. ദീർഘകാലമായി വൃക്കരോഗമനുഭവിക്കുന്നവർക്ക് ഹീമോ ഡയാലിസിസ് വീട്ടിൽ വച്ചു തന്നെ നടത്താനാവും.

1970കളിൽ വികസിതമായ മറ്റൊരു ഡയാലിസിസ് പ്രക്രിയയാണ് പെരിറ്റോണിയൽ ഡയാലിസിസ് (peritoneal dialysis). കുടലിനെയും മറ്റ് ഉദരാവയവങ്ങളെയും ആവരണം ചെയ്യുന്ന പെരിറ്റോണിയം അഥവാ ഉദസ്തരം ആണ് ഇവിടെ അർധതാര്യതനുസ്തരമായി വർത്തിക്കുന്നത്. അടിവയറ്റിലുണ്ടാക്കിയ മുറിവിലൂടെ ഒരു ചെറുകുഴൽ (Catheter) ഉദരത്തിലേക്ക് കടത്തിയ ശേഷം ഒരു പ്ലാസ്റ്റിക് ബാഗിൽനിന്ന് ഡയാലിസിസ് ലായകം (dialyzate) ഉദരത്തിലേക്ക് പ്രവേശിപ്പിക്കുന്നു. രക്തത്തിൽ അലിഞ്ഞിരിക്കുന്ന ലവണങ്ങൾ ഡയാലിസേറ്റിലേക്ക് വ്യാപിച്ചു കഴിയുമ്പോൾ ദ്രാവകം കുഴലിലൂടെ തിരികെ ഒഴുകുന്നു.

രക്തത്തിലടങ്ങിയിരിക്കുന്ന ലവണങ്ങളുടെ സാന്ദ്രത ക്രമീകരിക്കുന്നതിലും അധികജലം നീക്കം ചെയ്യുന്നതിലും പെരിറ്റോണിയൽ ഡയാലിസിസിനെയപേക്ഷിച്ച് ഹീമോഡയാലിസിസ് കൂടുതൽ ശീഘ്രവും കാര്യക്ഷമവുമാണ്. ഹീമോഡയാലിസിസിന്റെ ദ്രുതഗതിയിലുള്ള പ്രവർത്തനം ചിലയവസരങ്ങളിൽ നേട്ടവും മറ്റു ചിലപ്പോൾ കോട്ടവും ആവാറുണ്ട്. ഹീമോ ഡയാലിസിസ് ഒരു തവണ നാലു മണിക്കൂറിൽ കൂടുതൽ നടത്താറില്ല. പെരിറ്റോണിയൻ ഡയാലിസിസ് 24 മണിക്കൂർ തുടർച്ചയായി നടത്താം. ഒരു ദിവസംകൊണ്ട് ശരീരത്തിൽനിന്ന് നീക്കം ചെയ്യേണ്ട മൊത്തം ജലവും ലവണങ്ങളും വളരെ ചെറിയ ഒരു ഇടവേളയിൽ തന്നെ ക്രമീകരിക്കേതായി വരുന്നതുകൊണ്ട് ഹീമോഡയാലിസിസ് ചിലപ്പോൾ ഹൃദ്രോഗങ്ങൾക്കു കാരണമാകാറുണ്ട്. രക്ത ചംക്രമണ വ്യവസ്ഥ അസ്ഥിരമായ രോഗികൾക്ക് പെരിറ്റോണിയൽ ഡയാലിസിസാണ് അഭികാമ്യം. എന്നാൽ പാമ്പുകടിയേറ്റോ മറ്റു വിധത്തിലോ വിഷം ഉള്ളിൽ ചെല്ലുക, ഔഷധങ്ങളുടെ മാത്ര അധികരിക്കുക തുടങ്ങിയ അടിയന്തിരഘട്ടങ്ങളിൽ ഹീമോഡയാലിസിസ് ആണ് സ്വീകരിക്കുക. പെരിറ്റോണിയൽ ഡയാലിസിസ് സാധാരണ ആശുപത്രിയിൽ വച്ചാണ് നടത്താറുള്ളത്. എങ്കിലും അടിവയറ്റിലൂടെ കത്തീറ്റർ പ്രവേശിപ്പിച്ചു കിട്ടിക്കഴിഞ്ഞാൽ വീട്ടിൽ വച്ചും ഡയാലിസിസ് ചെയ്യാനുള്ള സൗകര്യം (Continous ambulatory peritoneal dialysis) ഇന്നുണ്ട്.




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 DECEMBER 04

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

# നേർപഥം സ്പെഷ്യൽ പതിപ്പ് പ്രകാശനവും ചരിത്ര സെമിനാറും

**2021 ഡിസംബർ 12 ഞായറാഴ്ച 4.00 PM**

## നളന്ദ ഓഡിറ്റോറിയം
## കോഴിക്കോട്

**പ്രമുഖർ പങ്കെടുക്കുന്നു**

Nerpatham Weekly I PB No: 597 I EKP Complex I Kallai Road Kozhikkode 2
mail@nerpatham.com www.nerpatham.com